ന്നു തോന്നിയിട്ടുണ്ട്. അത് സാമ്പത്തികമായ കാര്യങ്ങളെ ബാധിക്കുന്നതല്ല. എന്തെങ്കിലും ന്യൂനതകൾ ഉണ്ടോ എന്നു പരിശോധനയ്ക്കു വിധേയമാക്കി ന്യൂനതകളെല്ലാം തിരുത്തി പുതിയ നിയമം ഉണ്ടാക്കണമെന്നുണ്ടോ എന്ന കാര്യം ആലോചിക്കുന്നതാണ്. ഇന്നത്തെ നിലയിൽ സംസ്ഥാനനിയമത്തിലെ വ്യവസ്ഥകൾ സ്ത്രീ തൊഴിലാളികളെ ബാധിക്കുന്നതല്ല. ആ അടിസ്ഥാനത്തിൽ സഭയുടെ എല്ലാ ഭാഗത്തുനിന്നും സഹകരണം ഇല്ലെങ്കിലും ഈ ബില്ല് പാസാക്കിത്തരണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

The question that the Kerala Maternity Benefit (Repeal) Bill, 1970 be taken into consideration was put and carried.

The Bill was taken into consideration.

Mr. Speaker: Now we will take up clause by clause consideration.

Clause 2

The question that clause 2 stands part of the Bill was put and carried.

Clause 2 was added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stands part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Minister for Industries & Labour (Shri P. Ravindran) Sir, I move that the Kerala Maternity Benefit (Repeal) Bill, 1970 be finally passed.

Minister for Revenue (Shri K. T. Jacob): Sir, I second it.

The question that the Kerala Maternity Benefit (Repeal) Bill, 1970 be finally passed was put and carried.

The Bill was finally passed.

Resolution by the Leader of the House

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഈ സഭയുടെ അംഗീകാരത്തിനായി താഴെ പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകാണ്.

"ഈ മാസം 29-ാം തീയതി വ്യാഴാഴ്ച സഭാനടപടികൾ നടന്നുകൊണ്ടിരിക്കുമ്പോൾ, കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) പാർട്ടിയിൽപ്പെട്ട ചില നിയമസഭാംഗങ്ങൾ അധ്യക്ഷവേദിയിൽ പ്രവേശിച്ച് ബഹുമാനപ്പെട്ട സ്പീക്കറെ കൈയേറ്റം ചെയ്യുവാൻ മുതിരുകയും സഭാനടപടികൾ മനഃപൂർവ്വമായും തുടർച്ചയായും പ്രതിബന്ധപ്പെടുത്തുകയും, നിയമസഭാ സെക്രട്ടേറിയറ്റിലും സെക്യൂരിറ്റിസ്റ്റാഫിലും ഉൾപ്പെട്ട ജീവനക്കാരെ ദേഹോപദ്രവം ചെയ്യുകയും നിയമസഭാ റിക്കാർഡുകൾ നശിപ്പിക്കുകയും ചെയ്ത അക്രമ പ്രവർത്തനങ്ങൾ ഈ സംസ്ഥാനത്തെ ഏറ്റവും ഉത്തമമായ ജനാധിപത്യ സ്ഥാപനത്തോടുള്ള അസഹനീയമായ അവഹേളനമാണെന്ന് ഈ സഭ അഭിപ്രായപ്പെടുകയും, ഈ സഭയുടെ അന്തസ്സിനു കളങ്കം ചേർത്ത ഈ സംഭവങ്ങളെ ശക്തിയായി അപലപിക്കുകയും ചെയ്യുന്നു."

LIBRARY ARCHIVES Kerala Legislative Assembly

സർ, പ്രതിപക്ഷ നേതാവിന്റെ അർത്ഥഗർഭമായ അസാന്നിദ്ധ്യത്തിൽ ഇന്നലെ ഇവിടെ നടന്ന സംഭവങ്ങളുടെ ഭൂതകാല സ്മരണകൾ ഇന്ന് വീണ്ടും ഈ സഭയുടെ ശുദ്ധയിൽപ്പെടുത്തി ഞെട്ടിപ്പിക്കുന്ന, വേദന നിറഞ്ഞ ആ അനുഭവത്തിലേക്ക് കടന്നു ചെല്ലണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ ജനാധിപത്യ പ്രസ്ഥാനത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്കും ജനാധിപത്യ സംപ്രദായത്തിന്റെ നിലനിൽപ്പിനും ഈ സഭയ്ക്കും സഭാദ്ധ്യക്ഷനും ഉള്ള പ്രത്യേകമായ പരമോന്നതമായ പാവനമായ സ്ഥാനത്തെപ്പറ്റി എത്രെകിലും ദീർഘമായി സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സർ, ഇന്നത്തെ നമ്മുടെ ജനാധിപത്യ ഭരണസംപ്രദായത്തിന്റെ കീഴിൽ ഉള്ള ഈ സഭയുടെ ആരോഗ്യകരമായ പ്രവർത്തനത്തിനു എല്ലാ ഭാഗത്തുനിന്നും സഹകരണം ഉണ്ടാകേണ്ടത് ഏറ്റവും ആവശ്യമാണ്. ആ അടിസ്ഥാനത്തിൽ നിയമ സഭയുടെ സുഗമമായ പ്രവർത്തനത്തിന് ചില പ്രത്യേക അവകാശങ്ങൾ നിയമസഭാസാമാജികൻമാർക്കും സഭാദ്ധ്യക്ഷനും സഭാ നേതാവിനും, പ്രതിപക്ഷ നേതാവിനും എല്ലാം നിയമസഭാ ചട്ടങ്ങളിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ആ നിലയിൽ ആ പ്രത്യേക അവകാശങ്ങൾ ഈ നിയമസഭയുടെ പരിധിക്കുള്ളിൽ നിന്നു ഉപയോഗിക്കപ്പെടുന്ന അവസരത്തിൽ അവ എത്രത്തോളം മാനിക്കപ്പെടുന്നുണ്ട്, അവ എത്രത്തോളം ഹനിക്കപ്പെടുന്നുണ്ട് എന്നുള്ളത് നിഷ്കൃഷ്ടമായ പരിശോധനയ്ക്ക് എപ്പോഴും സഭയും സഭാ നേതാവും തയാറാകേണ്ടത് ഈ ജനാധിപത്യ പ്രക്രിയയിൽ ഈ നിയമസഭാ പ്രവർത്തനങ്ങൾക്ക് ഏറ്റവും ആവശ്യമാണ്. ആ അടിസ്ഥാനത്തിൽ നിന്നു കൊണ്ട് ആണ് ഇന്നലെ നടന്ന സംഭവങ്ങളെ ഈ സഭ പരിഗണിക്കണമെന്ന് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

സർ, ഒരു അടിയന്തിരപ്രമേയം ഇവിടെ അവതരിപ്പിച്ച്, ആ പ്രമേയത്തെപ്പറ്റിയുള്ള ചർച്ച അനുവദിച്ചില്ലെന്നുള്ളതിന്റെ പേരിലാണ്, അനുവദനീയമോ അല്ലയോ എന്ന് സഭാനാഥനായ അങ്ങ് റൂളിംഗ് നൽകുന്നതിനു മുൻപ്, ഈ സഭയിൽ ബഹളമാരംഭിച്ചത്. അതിനുശേഷം സഭാനേതാവ് എന്നുള്ള നിലയിൽ ഞാൻതന്നെ ആ അടിയന്തിരപ്രമേയത്തിലുള്ള ചർച്ചയ്ക്ക് ബിസിനസ് അഡൈ്വസറി കമ്മിറ്റിയുടെയും പാർട്ടിപ്രതിനിധികളുടെയും പ്രത്യേകമായ ഒരു സമ്മേളനത്തിൽ അനൗപചാരികമായി ആലോചിക്കാവുന്നതാണെന്ന് ഉറപ്പുനൽകുകയും ചെയ്തുകഴിഞ്ഞതാണ്. എന്നിട്ടും പ്രതിപക്ഷത്തുനിന്ന് അത് സമചിത്തതയോടുകൂടി കേൾക്കുന്നതിനോ ആ അടിസ്ഥാനത്തിൽ ആ പ്രശ്നത്തെ കാണുന്നതിനോ ഉള്ള മനോഭാവം ഉണ്ടായില്ല. കരുതിക്കൂട്ടി സഭയുടെ നടപടികളെ ഒരു കാരണമല്ലെങ്കിൽ മറെറാരു കാരണം പറഞ്ഞ് തടസ്സപ്പെടുത്തണമെന്നു മുൻകൂട്ടി തീരുമാനിച്ച പോലെയാണ് ഇന്നലത്തെ സംഭവത്തിൽനിന്നു മനസ്സിലാകുന്നത്. സഭാനടപടികളെ തടസ്സപ്പെടുത്തിയെന്നുമാത്രമല്ല, ഒരു സഭയുടെ അന്തസ്സിനും സാമാജികൻമാരുടെ സംസ്കാരത്തിനും വിപരീതമായ ചില ശബ്ദങ്ങളും കോലാഹലങ്ങളും ചില പദപ്രയോഗങ്ങളും പോലും നിയമസഭാസാമാജികൻമാർ ഇവിടെ നടത്തി. സർ, നമ്മുടെ രാഷ്ട്രീയത്തിന്റെ ചില പ്രത്യേക സാഹചര്യത്തിൽ ചില സ്ഥാനങ്ങളിൽ ചിലയാളുകളെ എത്താറുണ്ട്. അങ്ങ് അവിടെ ഇരിക്കുന്നതും ഞാൻ ഇരിക്കുന്നതും മന്ത്രിമാർ ഇരിക്കുന്നതും പ്രതിപക്ഷ നേതാവ് ഇരിക്കുന്നതും എം. എൽ. എ. മാർ ഇരിക്കുന്നതുമെല്ലാം ഈ രാഷ്ട്രീയസാഹചര്യത്തിന്റെ പ്രത്യേകപരിതഃസ്ഥിതി ഉപയോഗിച്ചാണ്. മഹിമയേറിയ സ്ഥാനങ്ങൾ ലഭിച്ചുകഴിഞ്ഞാൽ അതു നിലനിറുത്തുകയും പരിരക്ഷിക്കുകയും ചെയ്യുന്നതോടൊപ്പം ഏതു സാഹചര്യത്തിലും സഭയുടെ അന്തസ്സു നിലനിറുത്താൻമെമിഷികമായ ചില വികാരങ്ങൾമൂലം, സഭയുടെ അന്തസ്സിനു ചേരാത്ത ചില രീതിയിൽ,

LIBRARY ARCHIVES Kerala Legislative Assembly

തങ്ങൾ ഇരിക്കുന്നസ്ഥാനത്തിന്റെ മഹിമയെപ്പറ്റി യാതൊരു പരിഗണനയും കൂടാതെയുള്ള ചില പദപ്രയോഗങ്ങൾ ഈ നിയമസഭയിൽ ഉണ്ടായി എന്നുള്ളത് സഭയുടെ നേർക്കുണ്ടായ അവഹേളനമാണ്; അതിനെക്കാളും അവരെത്തന്നെ അവഹേളിക്കലാണ് അത്; അതോടൊപ്പം അവരെ തിരഞ്ഞെടുത്തവരെ അവഹേളിക്കലുമാണ്. സർ, ഈ സഭയിൽ ഇന്നലെ നടന്ന സംഭവങ്ങൾ ഞെട്ടിപ്പിക്കുന്നവയാണ്. കുഞ്ചൻനമ്പ്യാരുടെ പ്രസിദ്ധമായ ഒരു കഥാപാത്രത്തെ ഓർമ്മിപ്പിക്കുന്ന തരത്തിൽ അതുകൊണ്ടരിശം തീരാഞ്ഞിട്ട്....." എന്ന രീതിയിൽ—ഉള്ളതായിരുന്നു.....

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അതുകൊണ്ടരിശം തീരാഞ്ഞിട്ടവനപ്പുര ചുറ്റും മണ്ടി നടന്നു," എന്നാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ചില മെംബർമാർ പലതും ഇവിടെ പ്രവർത്തിക്കുന്നതു കണ്ടു. നിയമസഭാറിക്കാർഡുകളോട്, നിയമസഭാപുസ്തകങ്ങളോട്, ഫയലുകളോട്, എല്ലാംതന്നെ—പൊതുവേ എഴുത്തിനോടും വിജ്ഞാനത്തോടുംതന്നെ—അവർക്ക് എതിർപ്പുള്ളതായി കാണുകയുണ്ടായി. സർ, ഏതായിരുന്നാലും അങ്ങനെയുള്ള അരിശംതീർക്കൽ അത്ര നല്ലതല്ല. ഇവിടെ ഒരു ടൈംപീസ് ഇരുന്നതു നശിപ്പിച്ചു എന്ന് അങ്ങു സൂചിപ്പിക്കുകയുണ്ടായി. സർ, കാലത്തിന്റെ ഗതി എങ്ങോട്ടെന്ന്, അല്ലെങ്കിൽ കാലം മാറികൊണ്ടിരിക്കുന്നു എന്ന്, ഉള്ളതിന്റെ സൂചന ഒരു ടൈംപീസിൽ ഉണ്ട്. ആ ടൈംപീസ് നശിപ്പിച്ചതുകൊണ്ട് 1967 ലേക്ക് അവർക്കു തിരിച്ചു പോകാൻ സാധിക്കുകയില്ല എന്നാണ് എനിക്കു പറയാനുള്ളത്. അതുകൊണ്ട്, ടൈംപീസ് നശിപ്പിച്ചാൽ കാലചക്രത്തിന്റെ ഗതിയെ പുറകോട്ട് നയിക്കാൻ സാധിക്കുമെന്നുകരുതുന്നതു തെറ്റാണ് എന്നാണ് എനിക്ക് അവരോട് സൗമ്യമായ ഭാഷയിൽ പറയാനുള്ളത്.

സർ, ഈ സഭയുടെ നേതാവ് എന്നുള്ള നിലയിൽ ചില പ്രത്യേക അവകാശങ്ങൾ എനിക്കുണ്ടെന്നാണ് ഞാൻ കരുതുന്നത്. സഭയുടെ നേതാവിനു പറയാനുള്ളത് സഹിഷ്ണുതയോടുകൂടി കേൾക്കാനുള്ള മനോഭാവം പ്രതിപക്ഷത്തുനിന്നും സഭയുടെ എല്ലാഭാഗത്തുനിന്നും ഞാൻ പ്രതീക്ഷിക്കുകയും ചെയ്യുന്നു. സഭയിൽ പ്രതിപക്ഷനേതാവിനും ആ പ്രത്യേകാവകാശം നൽകേണ്ടതുണ്ട്. അതുപോലെതന്നെ സഭയുടെ നാഥൻ എന്നുള്ള നിലയിൽ അങ്ങയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നകാര്യത്തിൽ ഈ സഭയുടെ പൂർണ്ണമായ പിൻതുണയും സഹകരണവും ആവശ്യമാണ്. ഈ കാര്യങ്ങളെല്ലാംതന്നെയാണ് യഥാർത്ഥത്തിൽ ഇന്നലെ ഇവിടെ വലിച്ചെറിയപ്പെട്ടത്. അല്ലാതെ ഫയലുകളല്ല വലിച്ചെറിയപ്പെട്ടത്. ഈ സഭയുടെ നാഥനും പ്രതിപക്ഷത്തിനും സഭാനേതാവിനും ഉള്ള പ്രത്യേകമായ അവകാശങ്ങളാണ് വലിച്ചുകീറി കാറ്റിൽ പറത്തപ്പെട്ടത്. അത് ഒരു പ്രത്യേക സാഹചര്യത്തിൽ നിന്നുകൊണ്ട് അങ്ങു കണക്കിലെടുക്കണം. നിയമസഭാ പ്രവർത്തനത്തിൽ ഒരു പ്രത്യേക കാലഘട്ടത്തിലാണ് നാം നിൽക്കുന്നത്. പല നിയമസഭകളിലും ഈ മാതിരിയുള്ള സംഭവങ്ങളുടെ സൂചനകൾ കാണുന്നുണ്ട്. അതുകൊണ്ട് ഈ രാജ്യത്തെ പൊതുക്കാര്യപ്രവർത്തകരും രാഷ്ട്രീയമായി ചിന്തിയ്ക്കുന്ന എല്ലാ ആളുകളും ഈ സംഭവങ്ങളെ അതിന്റേതായ ഗൗരവത്തിൽത്തന്നെ കാണണം. ഇന്നലെ നടന്ന കൈയേറ്റം ഒരു ഒറ്റപ്പെട്ട സംഭവമായി കണ്ടതുകൊണ്ട് കാര്യമില്ല. ഈ നിയമസഭയുടെ നേരേ നടന്നതായി കണ്ടതുകൊണ്ട് കാര്യമില്ല. ഇൻഡ്യൻ ജനാധിപത്യത്തിന്റെ നേരേ നടന്ന ഒരു കൈയേറ്റമാണ്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ നേരെനടന്ന കൈയേറ്റത്തിൽ എനിക്കു വളരെ വേദനയുണ്ട്. സഭയ്ക്കു വേദനയുണ്ട്, ലാസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഗ്രേഡ് ശിപായിയുടെ നേരെ ഇവിടെ നടന്ന കൈയേറ്റം കേരളത്തിലെ ജനാധിപത്യ വിശ്വാസികളുടെ നേരെ നടന്ന കൈയേറ്റമാണെന്ന് ഉറപ്പിച്ചു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ജനാധിപത്യാവകാശങ്ങളുടെ നേരെ, ജനാധിപത്യബോധത്തിന്റെ നേരെ, ഇങ്ങനെയുള്ള കൈയേറ്റവും കല്ലേറും അനുവദനീയമാണോ അല്ലയോ എന്നുള്ളത് സംഭവഗതികളുടെ രാഷ്ട്രീയമായ പശ്ചാത്തലത്തിൽ ആലോചിക്കണം എന്നാണ് എനിക്കു പറയാനുള്ളത്. സർ, ഈ രാജ്യത്ത് ഈ സഭയുടെ കൂടി സഹകരണത്തോടെ ഒരു ഭരണകക്ഷിയുള്ള ആക്ഷേപം തീർച്ചയായും ഈ കാര്യത്തിനെതിരായി ഉണ്ടാകേണ്ടതാണ്. സഭ കൂടാതിരുന്ന അവസരത്തിൽ ഈ സഭയിൽ കടന്നുവന്ന ഒരു സെക്യൂരിറ്റി ഉദ്യോഗസ്ഥന്റെ മേൽ ചില ശൗര്യപ്രകടനങ്ങളും ചിലയാളുകളും നടത്തുകയുണ്ടായി. സഭയ്ക്ക് പുറത്തുവച്ച് അത്രത്തോളം ചെയ്യാനുള്ള മാനസികമായ കരുത്തില്ലാത്തയാളുകളാണ്, ഈ നിയമസഭയിലെ പ്രത്യേകമായ അവകാശങ്ങളുപയോഗിച്ചുകൊണ്ട്, റിട്ടയർ ചെയ്യാൻ ഒന്നരമാസം മാത്രമുള്ള വൃദ്ധനായ ഒരുദ്യോഗസ്ഥന്റെ നേരെ കൈയേറ്റം നടത്തിയത് എന്നുപറയുമ്പോൾ, അത് അത്ര അഭിമാനകരമായ ഒരു കാര്യമായി ഞാൻ കരുതുന്നില്ല. ആ കാര്യത്തിലും ഈ സഭയിലെ എല്ലാ ആളുകൾക്കും ഖേദമുണ്ടെന്നാണ് എനിക്കുപറയുവാനുള്ളത്.

പ്രൊഫ. എ. മജീദ്: മന്ത്രിയായിരുന്ന ഇമ്പിച്ചിബാവ ആണ് ആ ഉദ്യോഗസ്ഥനെ ചവിട്ടിയത് എന്ന് അറിയാമോ?

ശ്രീ ടി. കെ. ദിവാകരൻ: ആരാണെന്നുള്ളതല്ല പ്രശ്നം. ഇന്നത്തെ സംഭവങ്ങളിൽ പലരും പങ്കു കൊണ്ടിട്ടുണ്ട്.

സർ, അഞ്ചുപേരെ അങ്ങ് ഈ സഭയിൽനിന്നു സസ്പെൻറു ചെയ്യുകയുണ്ടായി. അതിൽത്തന്നെ വളരെ അർഹമായ രീതിയിലാണ് അങ്ങ് നടപടി സ്വീകരിച്ചിട്ടുള്ളത്; പട്ടികജാതിയിൽപ്പെട്ട മെംബർമാരെ പ്രത്യേകമായി കാണാനും അവരെ ഒഴിവാക്കാനും അങ്ങ് ശ്രദ്ധിച്ചുഎന്നുള്ളതുതന്നെ അങ്ങ് ഇക്കാര്യത്തിൽ എത്രത്തോളം ജനാധിപത്യപരമായി പ്രവർത്തിച്ചു എന്നു തെളിയിക്കുന്നുണ്ട്. അവർക്ക് ഇന്നത്തെ ഭരണഘടനയും സമൂഹവും അനുവദിക്കുന്ന പ്രത്യേകമായ പരിഗണന അങ്ങ് ഇക്കാര്യത്തിൽ നൽകി എന്നുള്ളതുതന്നെ ഈ കാര്യത്തെ എത്രമാത്രം ജനാധിപത്യപരമായ രീതിയിലാണ് അങ്ങ് വീക്ഷിക്കുന്നത് എന്നുള്ളതിന്റെ തെളിവായിട്ടാണ് എനിക്കു പറയാനുള്ളത്. ഏതായാലും ഈ സംഭവങ്ങളുടെ നേരെ നമുക്കു കണ്ണടയ്ക്കാൻ സാധിക്കുകയില്ല. പുറത്ത് നടക്കുന്ന സംഭവങ്ങളുടെ ഒരു പ്രതിഫലനമായിത്തന്നെ ഇതിനെ കണക്കാക്കണം. വെളിക്ക് രാഷ്ട്രീയമായോ തൊഴിൽപരമായോ പല സമരങ്ങളും ഉണ്ടായി എന്നു വന്നേക്കാം. ജനങ്ങളുടെ ജനാധിപത്യപരമായ അവകാശങ്ങളും സംരക്ഷിക്കുവാൻ ബാധ്യസ്ഥമായ ഒന്നാണ് ഈ സഭ. സഭയ്ക്കു പുറത്തു പല സംഭവങ്ങളും ഉണ്ടാകും. സഭയ്ക്കുപുറത്തുനടക്കുന്ന ദൈനംദിന സംഭവങ്ങളുടെ വികാരങ്ങളെല്ലാം സഭയിൽ വലിച്ചിഴച്ചുകൊണ്ടുവന്ന് വികാരം വിവേകത്തിനു വഴിമാറിക്കൊടുക്കുന്ന സ്ഥിതിയിലെത്തിക്കുക എന്നുള്ളതല്ല നിയമസഭകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് ഊന്നിപ്പറയാൻ മാത്രമാണ് ഞാനാഗ്രഹിക്കുന്നത്. ഈ നിയമസഭയിൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സാമാജികൻമാർ ഈ രാജ്യത്തു വിവേകപൂർണ്ണമായ പല തീരുമാനങ്ങളും കൈക്കൊള്ളാനും ആ അടിസ്ഥാനത്തിൽ ഈ സഭയുടെ ചർച്ചകളിൽ പങ്കെടുക്കാനുമാണ് ഈ നാട്ടിലെ ജനങ്ങളാഗ്രഹിക്കുന്നത്. ജനങ്ങളുടെ വികാരങ്ങളും നിയമസഭയിൽ ചിലപ്പോൾ പ്രകടിപ്പിക്കേണ്ടതാവശ്യമാണെന്നു വന്നേക്കാം. എന്നാൽ ഈ സഭയുടെ പ്രാഥമികമായ ചുമതലകളെയും അവകാശങ്ങളെയും തടസ്സപ്പെടുത്തിക്കൊണ്ട് തെരുവിലെ പ്രകടനങ്ങളും ഇവിടേയ്ക്ക് വലിച്ചുകയറ്റുക എന്നുള്ളതു തീർച്ചയായും അനുവദനീയമായ കാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇങ്ങനെ ഒരു വിഷമകരമായ പരിതസ്ഥിതിയിൽ സഭാധ്യക്ഷസ്ഥാനത്തിരുന്നുകൊണ്ട് ഈകാര്യങ്ങളെ നേരിടേണ്ടിവന്ന അവസരത്തിൽ അങ്ങയ്ക്കുണ്ടായ വികാരങ്ങളെ പൂർണ്ണമായി മാനിക്കാനും മനസ്സിലാക്കാനും ഞങ്ങൾക്കു കഴിയുന്നുണ്ട്. ഇന്നലെയുണ്ടായ സംഭവങ്ങളിൽ അങ്ങേയ്ക്കും ഞങ്ങളുടെ സ്റ്റാഫിൽപ്പെട്ട ആളുകൾക്കും ഉണ്ടായ വികാരങ്ങളോട് സഭ പൂർണ്ണമായും അനുഭാവം പ്രകടിപ്പിക്കുന്നുണ്ട്. അതിലും ഉപരിയായി ഈ സഭയോടും ഈ സഭയുടെ അന്തസ്സിനോടും ജനാധിപത്യ പ്രസ്ഥാനത്തോടുമുള്ള ഒരു വെല്ലുവിളിയായി ഇതിനെ എടുക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഈ സംഭവങ്ങൾ ഇനി ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതിനുള്ള ഒരവസരമായി ഈ സംഭവങ്ങളെ പ്രതിപക്ഷം കണക്കിലെടുക്കുമെങ്കിൽ അത് അത്തത്തോളം അവർക്കും നമ്മുടെനാട്ടിലെ ജനാധിപത്യപ്രസ്ഥാനത്തിനും സഹായകമായിരിക്കും എന്നുമാത്രമാണ് ഞാൻ കരുതുന്നത്. ഈ പ്രമേയം ഐകകണ്ഠ്യേന പാസാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സർ, ഈ മാതിരിയുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കത്തക്കവിധത്തിലും ആവർത്തിക്കാതിരിക്കത്തക്കവിധത്തിലും കാര്യക്ഷമമായും ജനാധിപത്യബോധത്തോടുകൂടിയും അച്ചടക്കബോധത്തോടും ഈ സഭാനടപടികൾ കൊണ്ടുപോകാനും, അങ്ങയിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങളുപയോഗിച്ചുകൊണ്ട്, ഈ സഭയിലെ എല്ലാ കക്ഷിനേതാക്കൻമാരുടെയും പ്രതിപക്ഷനേതാവുൾപ്പെടെ ഒരു കമ്മിറ്റിയെ നിയമിച്ച് ഇന്നലത്തെ സംഭവങ്ങളുൾപ്പെടെയുള്ള കാര്യങ്ങളെപ്പറ്റി പരിശോധിക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്കു സൂചിപ്പിക്കാനുള്ളത്. ആ പരിശോധന ഇന്നലത്തെ സംഭവങ്ങളെപ്പറ്റിമാത്രമല്ല, തുടർന്നുള്ള നടപടികളുടെ കാര്യക്ഷമതയ്ക്കും സഹായകമായ രീതിയിൽ ഒരു വഴികാട്ടിയായിരിക്കുമെന്നുള്ളതുകൊണ്ട് ഒരു നിർദ്ദേശമായിമാത്രമാണ് സമർപ്പിക്കുന്നത്. മറ്റു കക്ഷിനേതാക്കൻമാരുടെ അഭിപ്രായംകൂടി ഈ കാര്യത്തിൽ അറിഞ്ഞുകൊണ്ട് ഒരു തീരുമാനമെടുക്കണമെന്ന് നിർദ്ദേശിക്കുകയാണ്.

Mr. Speaker: As members are aware, to day, 30th January is held to be martyr's day in India. The following procedure is prescribed for observance of silence in their memory.

In memory of those who gave their lives in the struggle for India's freedom, silence should be observed on the morning of January 30th each year at 11 a.m. and that an attempt should be made to bring as large a stoppage of movement and work throughout the country as is possible. The following procedure will be observed in this connection.

In Trivandrum the Inspector General of Police will arrange for signals being given by firing guns as below: First Signal-11.00 hrs. and the Second signal-11.2 hrs. There should be attempt to bring as large a stoppage of movement and work in the city as is possible. On hearing the first signal all those inside offices, schools and other places of assembly should stand up where they are. The traffic on roads should come to a stand still and all workshops and factories should stop work wherever practicable.

11 a.m.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സർ, സഭാനേതാവ് ഇവിടെ അവതരിപ്പിച്ച പ്രമേയത്തോടും അദ്ദേഹം അതിനെ പിൻതാങ്ങിക്കൊണ്ട് ചെയ്ത പ്രസംഗത്തോടും ഞാൻ പരിപൂർണ്ണമായി യോജിക്കുകയാണ്. നമ്മുടെ ഈ നിയമസഭയിൽ ഇതിനു മുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ലാത്ത ഇന്നലത്തെ സംഭവത്തെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ട്ടുറ്റി ചർച്ച ചെയ്യുന്ന ഈ അവസരം നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിക്ക് നേരിട്ട ജീവാപായത്തെ അനുസ്മരിപ്പിക്കുന്ന ഒരു സന്ദർഭമായത് പലതുകൊണ്ടും അർത്ഥഗർഭമാണെന്ന് ആണ് ഞാൻ കരുതുന്നത്. ഇന്ന് ഈ നാട്ടിലെ പ്രായപൂർത്തിയായ ആളുകളുടെ വോട്ടവകാശത്തോടുകൂടിയ ഒരു നിയമസഭയും അതുപോലെ ജനങ്ങൾക്ക് പരമാധികാരമുള്ള ഒരു ഭരണ വ്യവസ്ഥയുമെല്ലാം രൂപം കൊള്ളുന്നതിന് ഇടയായതിനെക്കുറിച്ചും നാം ആലോചിക്കുമ്പോൾ ഈ നിയമസഭയും ഇന്നത്തെ ഭരണ സംവിധാനങ്ങളും ഇൻഡ്യൻ ജനത ദീർഘനാളായി നടത്തിയ സ്വാതന്ത്ര്യസമരത്തിന്റെ ഫലമായിട്ടാണ് നമുക്ക് ലഭ്യമായത് എന്ന് ഈ സഭയെ പ്രത്യേകിച്ച് ഓർമ്മിപ്പിക്കേണ്ട കാര്യമില്ല. അതിന് നേതൃത്വം നൽകിയ നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയുടെ നേരെ പിൻതിരിപ്പൻ ചിന്താഗതിക്കാരായ ചില ഘാതകൻമാർ നിറതോക്കൊഴിച്ചതിലുള്ള ദു:ഖം രേഖപ്പെടുത്തുന്ന ഈ സന്ദർഭത്തിൽത്തന്നെ, ഇവിടത്തെ ജനാധിപത്യപ്രസ്ഥാനത്തിനെതിരായി മറ്റു ചില ഘാതകൻമാർ വെടിയുണ്ട പൊഴിച്ചതിനെപ്പറ്റി സ്മരിക്കുന്നതിനുകൂടി ഈ സന്ദർഭം ഇടയാക്കിയിരിക്കുകയാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ സഭാനേതാവ് ഇവിടെ ചെയ്ത പ്രസ്താവനയിലടങ്ങിയ കാര്യങ്ങളും ആവർത്തിക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. ഇന്നലത്തെ സംഭവവികാസങ്ങളെപ്പറ്റിയും എടുത്ത് പറയണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. ഗാന്ധിജിയുടെ നേരെ, ഇവിടത്തെ മതേതരത്വത്തിനും ജനാധിപത്യത്തിനുമെതിരായി ചില പിൻതിരിപ്പൻ ശക്തികളും നടത്തിയ ആക്രമങ്ങളെപ്പോലെതന്നെ പ്രാധാന്യമുള്ള ഒന്നാണ് ഈ നിയമസഭയിൽ ഇന്നലെ നടത്തപ്പെട്ട ആക്രമണവും. സർ, ഇന്നത്തെ ഇൻഡ്യൻ രാഷ്ട്രീയ സ്ഥിതിഗതികളുടെ പശ്ചാത്തലത്തിലല്ലാതെ ഈ സംഭവത്തെ കാണാൻ കഴിയുകയില്ല. ഇൻഡ്യയിൽ സ്വാതന്ത്ര്യവും ജനാധിപത്യപരമായ ഭരണക്രമങ്ങളും വന്നതോടുകൂടി ഈ നാട്ടിലെ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ കൈയിൽ വളരെ പ്രധാനപ്പെട്ട ഒരു ആയുധമായിട്ട് നിയമസഭകളും മാറിയിട്ടുണ്ട്. സഭാനേതാവ് ഇവിടെ സൂചിപ്പിച്ചതുപോലെ കാലത്തിന്റെ മാറ്റങ്ങളും കാണാൻ കഴിയാത്ത എന്റെ മാർക്സിസ്റ്റ് സ്നേഹിതൻമാർ ഈ നിയമസഭയേയും ഇത്തരം പ്രവർത്തനത്തെയും എതിർക്കുന്നത് ഈ രാജ്യത്തെ ഏറ്റവും പിൻതിരിപ്പൻ ശക്തികളുടെ കരങ്ങൾക്ക് ശക്തികൂട്ടുന്നകാര്യമാണെന്ന് ഞാൻ അവരെ ഓർമ്മിപ്പിക്കുകയാണ്. ഇന്ന് ഇൻഡ്യൻ രാഷ്ട്രീയ സാഹചര്യത്തിൽനടക്കുന്ന ഈ സംഭവവികാസങ്ങളും, ജനങ്ങളുടെ ജനാധിപത്യാവകാശങ്ങളെ കുറയ്ക്കുന്നതിനും, പിൻതിരിപ്പൻ ശക്തികളുടെ ആധിപത്യം അങ്ങനെ നിലനിറുത്തുന്നതിനുവേണ്ടിയുള്ള ഒരു പരിശ്രമവുമാണ്. അതിനെതിരായി എല്ലാ ജനാധിപത്യശക്തികളും യോജിച്ച് നമ്മുടെ ഈ അവകാശങ്ങളും സംരക്ഷിക്കുവാനുള്ള മൗലികമായ ഉത്തരവാദിത്വത്തിലേക്കാണ് ഇന്ന് പുരോഗമന ചിന്താഗതിക്കാരും എല്ലാ ജന വിഭാഗങ്ങളും നീങ്ങിക്കൊണ്ടിരിക്കുന്നത്. ഈ സന്ദർഭത്തിൽ, അതിലും വിശേഷിച്ച്, പാർലമെന്ററി സംപ്രദായവും, അതിന്റെ പ്രവർത്തനങ്ങളും, ഈ സാഹചര്യത്തിൽ കൂടുതൽകൂടുതൽ അദ്ധ്വാനിക്കുന്ന ജനങ്ങൾക്ക് പ്രയോജനപ്രദമാക്കി മാറ്റാൻ എങ്ങനെ കഴിയുമെന്ന് ആളുകൾ ചിന്തിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് ഈ സ്ഥാപനത്തിനെതന്നെ അപമാനിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നമ്മുടെ പുരോഗമനവാദികളെന്ന് പറയുന്ന സ്നേഹിതൻമാരിൽ നിന്നും ഉണ്ടായിരിക്കുന്നത്. സർ, ഈ നിയമസഭതന്നെ നമ്മുടെ സംസ്ഥാനത്ത് അടുത്ത കാലത്ത് വളരെ മൗലികപ്രാധാന്യമുള്ള ഒരു നിയമനിർമ്മാണം നടത്തിയിട്ടുണ്ട്, ഭൂപരിഷ്ക്കരണനിയമം. ജൻമിത്വം എന്നന്നേക്കുമായി ഈ മണ്ണിൽനിന്നും തുടച്ചുനീക്കുന്നതിന് പറ്റിയ ഒരു നിയമനിർമ്മാണം ഈ നിയമസഭയിൽ പാസായി എന്നുള്ളത്, ഇത്തരം സംഭവം ഒരു പത്തിരുപതുകൊല്ലങ്ങൾക്ക് മുമ്പ് ചിന്തിക്കാൻ കഴിയുന്ന ഒരു കാര്യമാണോയെന്ന് ആലോചിക്കേണ്ടതാണ്. അതുപോലെ ഒരു കമ്മ്യൂണിസ്റ്റുകാരൻ തിരഞ്ഞെടുപ്പിലൂടെ ജയിച്ച് നിയമസഭയിൽ

വരുകയെന്ന സംഭവം ഒരു പത്തുനാൽപതുകൊല്ലങ്ങൾക്കു മുൻപ് വളരെ വിരളമായി സംഭവിച്ചേക്കാമെങ്കിലും ഇങ്ങനെ കമ്മ്യൂണിസ്റ്റുകാർക്ക് ഭൂരിപക്ഷം കിട്ടുന്ന അവസരം, അതൊരിക്കലല്ല, രണ്ടുപ്രാവശ്യമല്ല, ആവർത്തിച്ചാവർത്തിച്ച് കമ്മ്യൂണിസ്റ്റുകാരനു നിയമസഭയിൽ ഭൂരിപക്ഷം സമ്പാദിക്കാൻ കഴിയുമെന്നുള്ള സ്ഥിതിവിശേഷം, അതേപ്പറ്റി ഒരു 50 കൊല്ലങ്ങൾക്കു മുമ്പ് ചിന്തിക്കാൻ കഴിയുമായിരുന്നില്ല. ജനങ്ങളുടെ രാഷ്ട്രീയബോധത്തിൽ വന്നമാറ്റം, സാമാന്യജനങ്ങളുടെ അവകാശങ്ങളെപ്പറ്റിയുള്ള അവരുടെ ബോധം, അതിന്റെയെല്ലാം ഫലമായിട്ടാണ് പഴയകാലത്ത് നിയമസഭയെപ്പറ്റി കമ്മ്യൂണിസ്റ്റുകാരായിരുന്ന ആളുകൾക്കുപോലും ഉണ്ടായിരുന്ന ധാരണ മാറ്റത്തക്കരീതിയിൽ സംഭവഗതികൾ മുന്നോട്ടുപോയികഴിഞ്ഞിരിക്കുന്നത്. അങ്ങനെയുള്ള സന്ദർഭത്തിൽ ഇന്ന് നിയമസഭാപ്രവർത്തനങ്ങൾ ദ്രോഹകരമായി വരുന്നത് സാധാരണക്കാർക്കല്ല, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കല്ല, 1967-ലെ പൊതുതെരഞ്ഞെടുപ്പിലും അതിനുശേഷം നടന്ന ഉപതിരഞ്ഞെടുപ്പിലും ഈ രാജ്യത്തിലെ പിൻതിരിപ്പൻ ശക്തികൾക്ക് കുത്തകവിഭാഗങ്ങൾക്ക്, വളരാനുള്ള സാഹചര്യം ഈ നാട്ടിലെ സാമാന്യജനങ്ങൾ അനുവദിക്കുകയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ഈ പാർലമെന്ററിസംപ്രദായം, ജനാധിപത്യവ്യവസ്ഥിതി ഈ രാജ്യത്തെ പിൻതിരിപ്പൻശക്തികളെ വിഷമിപ്പിക്കുന്ന ഒരു കാലഘട്ടത്തിൽ പുരോഗമനവിഭാഗങ്ങൾക്ക് പ്രത്യാശക്ക് വക നൽകുന്ന ഒരുസന്ദർഭത്തിൽ ഇതിന്റെ നെഞ്ചത്ത് കത്തിവെയ്ക്കുവാൻ പുരോഗമനത്തിന്റെ പേരിൽ, വിപ്ലവത്തിന്റെ പേരിൽ, നടത്തിയ ശ്രമങ്ങൾ അപലപനീയമാണെന്ന് എടുത്തു പറയാൻ ഞാനാഗ്രഹിക്കുന്ന വിവരക്കേടാണ് വിപ്ലവമെന്നു ധരിച്ചിട്ടുള്ള എന്റെ സ്നേഹിതൻമാരെപ്പറ്റി സഹതപിക്കുകയല്ലാതെ മറ്റൊന്നും ചെയ്യണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് വളരെയേറെ രാഷ്ട്രീയപ്രാധാന്യമുള്ള ഈ പ്രത്യേക കാലഘട്ടത്തിൽ നിയമസഭയുടെ അന്തസും അതിന്റെ ശരിയായ രീതിയിലുള്ള പ്രവർത്തനങ്ങളും സംരക്ഷിക്കേണ്ടത് ഈ രാജ്യത്തിലെ പുരോഗമനചിന്താഗതിക്കാരായ എല്ലാം ആളുകളുടെയും പാർട്ടി വ്യത്യാസമില്ലാതെ എല്ലാ ആളുകളുടെയും കടമയാണ്. അതുകൊണ്ട് ഇന്നലെ നടന്ന സംഭവങ്ങൾ ഇനിയും ഈ നിയമസഭയിൽ ആവർത്തിക്കപ്പെടരുത്. അതിനുള്ള ജാഗ്രത ഈ രാജ്യത്തിലുള്ള ജനാധിപത്യവിശ്വാസികൾ ഒന്നടങ്കം പാലിക്കണം. അതിനു വലിയൊരു ഉത്തരവാദിത്വം ഈ സഭയ്ക്കുണ്ടെന്ന് ഞാൻ എടുത്തു പറയേണ്ടതായിട്ടില്ല. ഞാൻ അങ്ങ് എന്തു നടപടിയെടുക്കണമെന്നുള്ള കാര്യത്തിലേയ്ക്ക് കടക്കുന്നില്ല. ഈ നിയമസഭയിൽ പ്രതിപക്ഷത്തിന് അവരുടെ വികാരങ്ങളും മറ്റും പ്രകടിപ്പിക്കുവാനുള്ള അവസരം സ്വാഭാവികമായുമുണ്ട്. അതിനെ സമ്യദ്ധമായി ഉപയോഗിച്ച് ഒരു പ്രധാന പ്രതിപക്ഷമെന്നുള്ള നിലയിൽ പ്രതിപക്ഷമായി പെരുമാറുന്നതിനുപകരം ഇന്നലെ കാണിച്ച വൃത്തികേടുകൾ എന്താണ്? സർ, അതേപ്പറ്റി പറയാൻ ഞാനുദ്ദേശിക്കുന്നില്ല. ഈ നിയമസഭയുടെ അന്തസ് പാലിക്കത്തക്കരീതിയിൽ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ ഈ സന്ദർഭം ഉപയോഗിച്ച് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഈ നിയമസഭയുടെ പ്രവർത്തനത്തെ അലങ്കോലപ്പെടുത്തുന്നതിനുവേണ്ടി ഒരുകൂട്ടം ആളുകൾ പരിശ്രമിച്ചതിനെ നിരുൽസാഹപ്പെടുത്തുന്നതിനും ജനാധിപത്യസംവിധാനത്തിൽ പാർലമെന്ററിനും അസംബ്ലികൾക്കുമുള്ള സ്ഥാനം ഉറപ്പിക്കുന്നതിനും ആവശ്യമായ രീതിയിലുള്ള പിൻതുണ ഈ നാട്ടിലെ ബഹുജനങ്ങളിൽ നിന്ന് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇന്നത്തെ സംഭവങ്ങൾ കഴിഞ്ഞതിനുശേഷം ഇന്ന് നിയമസഭ ബഹിഷ്ക്കരിക്കുന്ന ഒരു നടപടിയിലേക്കാണ് പ്രതിപക്ഷനേതാക്കൻമാർ നീങ്ങിയത്. അവർ ഇന്ന് ഈ നിയമസഭയിൽ ഉണ്ടാകേണ്ടിയിരുന്നുവെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഞാനാഗ്രഹിക്കുകയാണ്. കാരണം ഇന്ന് നിയമസഭയിൽകണ്ടത് അവരുടെ രാഷ്ട്രീയ നയത്തിന്റെ ഒരു ഭാഗംതന്നെയാണ്. തെരുവിൽ തുടങ്ങി നിയമ സഭയിൽ കൊണ്ടു അവസാനിപ്പിക്കാൻ തീരുമാനിച്ച ഒരു നടപടിക്രമത്തിന്റെ ഭാഗമാണ്.

സർ, ഈ മന്ത്രിസഭ രൂപം കൊണ്ടതുമുതൽ തെരുവിലും പാടത്തും ഫാക്ടറിയിലും എല്ലാംതന്നെ അവർ എതിർക്കുമെന്ന് പറഞ്ഞത് എല്ലായിട ത്തും എതിർക്കാൻ ശ്രമിക്കുകയും ചെയ്ത അന്നുമുതൽക്ക് അവരുടെ അണി കളിൽപോലും പിൻതുണ ലഭിക്കാതിരിക്കുകയും ചെയ്തതിന്റെ ഫലമായി പരാജയപ്പെട്ട്, ഇന്നലെ ഈ നിയമസഭാവേദിയിൽ അവരുടെ പരാക്രമം കാണി ച്ച് സംതൃപ്തിയടയാനാണ് അവർ ശ്രമിച്ചത്. ആ തെറ്റായ നയം അവലം ബിക്കുന്നതേർതൊപ്പംതന്നെ അവർ അവരുടെ നയം മാറണമെന്ന് അവരോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ഒരു കാര്യം കൂടി എനിക്ക് അവരെ ഓർമ്മപ്പെടുത്തുവാനുണ്ട്. സർ, അവരിൽ പല ആളുകളും ഇന്നലെ ഇവിടെ വിക്രിയ കാണിച്ച പലയാളുകളും ഒരു കാലത്ത് എന്റെ സഹപ്രവർത്തകരായിരുന്നവരാണ്. ഞാൻ നാണിച്ചു പോയി സർ. ഈ നിയമസഭയിൽ പരാക്രമങ്ങൾ ചിലപ്പോൾ പ്രതിപക്ഷം കാണിച്ചുവെന്നും വരും. പക്ഷേ ആരോടാണ് കാണിക്കുന്നത്? അതാ ണല്ലോ സർ അവർ നമ്മുടെ കൂടെനിന്നു പോയത്. സർ, ഇവിടെനിൽക്കുന്ന ലാസ്റ്റു ഗ്രേഡ് ജീവനക്കാരുടെ നേരെ പരാക്രമം കാണിച്ച അവരുടെ തൊലിക്കട്ടിയെപ്പറ്റി ആണ് എനിക്ക് സഹതാപം തോന്നുന്നത്. അതോടൊപ്പം തന്നെ നമ്മുടെ സെക്യൂരിറ്റി ഓഫീസറുടെ കാര്യവും. ഇങ്ങനെ ഒരു സംഭവം നടക്കുമ്പോൾ അദ്ദേഹം ഇവിടെ വരേണ്ടതേ അദ്ദേഹത്തിന്റെ ചുമതലയിൽ പ്പെട്ട കാര്യമാണ്. അദ്ദേഹത്തിന്റെ നേരെ കടന്നാക്രമണം നടത്തുന്നതിന് അവർ എങ്ങനെ ധൈര്യപ്പെട്ടു. നിയമസഭാസാമാജികൻമാർ എന്നുള്ള നിലയിൽ അവർക്കുള്ള പ്രൊട്ടക്ഷന്റെ തണലിൽനിന്നുകൊണ്ടല്ലേ അവർ ഇങ്ങനെ പ്രവ ർത്തിച്ചത്. മറ്റുതരത്തിൽ പറഞ്ഞാൽ കൈകാലുകൾ കെട്ടി ഇട്ടുകൊണ്ടുള്ള ഒരു ലോക്കപ്പു മർദ്ദനമാണ് അവർ നിർഭാഗ്യവശാൽ ഇവിടെ നടത്തിയത്. ഇത്തരം പ്രവൃത്തികൾ വളരെ ആക്ഷേപാർഹമാണെന്ന് പറയുന്നതോടൊപ്പം അവരുടെ മർദ്ദനത്തിന് വിധേയരായവരോടുള്ള സഹതാപം രേഖപ്പെടുത്തു കയും, അങ്ങേ ഇവിടത്തെ സഭാനാഥൻ എന്നുള്ള നിലയിൽ, അവരുടെ മർദ്ദനം സഹിക്കാൻ ഇടവന്നുയെന്നുള്ളതിനെ പരിഗണിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളുന്നു.

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ) സർ, ഉൽബുദ്ധമായ ജനാധിപത്യകേരളത്തിന്റെ മനസ്സാക്ഷിയെ പിടിച്ചു കുലുക്കിയ ഇന്നത്തെ സംഭവത്തിൽ എനിക്കും, എന്റെ പാർട്ടിക്കും, ഗവൺ മെന്റിനും, ഈ സഭയ്ക്കുമുള്ള അഗാധമായ ഖേദവും പ്രതിഷേധവും അറിയി ക്കാനും, സഭാനേതാവും, എന്റെ ബഹുമാന്യസ്നേഹിതനായ ശ്രീ. എം. എൻ. ഗോവിന്ദൻനായരും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് പ്രത്യക്ഷരം യോജിച്ചു കൊണ്ട് ഏതാനും വാക്കുകൾ പറയാനുമാണു ഞാൻ എഴുന്നേറ്റു നിൽക്കുന്നത്. അങ്ങേയ്ക്ക് ദീർഘകാലത്തെ നിയമസഭാ പാരമ്പര്യം ഉണ്ട്. രണ്ടു മൂന്നു ടേം നിയമസഭയിൽ വന്നിട്ടുള്ള പാരമ്പര്യം ഉണ്ട്. ഒരു വ്യാഴവട്ടക്കാലം ഈ നിയമ സഭയിലും പാർലമെന്റിലും കൂടി നിയമസഭാ പ്രവർത്തനം അവിടെ നടക്കുന്ന സംഭവങ്ങൾ കേൾക്കുകയും ഞാൻ ചെയ്തിട്ടുണ്ട്. ഇന്നലെ ഇവിടെ നടന്നതു പോലെയുള്ള ഒരു സംഭവം അങ്ങു കാണുകയോ അനുഭവിക്കുകയോ ചെയ്തി ട്ടുണ്ടായിരിക്കുകയില്ല. ഞാൻ ഏതായാലും കണ്ടിട്ടില്ല. അങ്ങയുടെ സമർദ്ധ

LIBRARY ARCHIVES Kerala Legislative Assembly

മായ നിയന്ത്രണവും, ഈ ഭാഗത്തിരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളുടെ പ്രശംസാർഹമായ ആത്മസംയമനവും ഇല്ലായിരുന്നുവെങ്കിൽ ഇന്നലെ പരിപാവനമായ ഈ നിയമസഭാമന്ദിരത്തിൽ ചോര ഒഴുകുമായിരുന്നു. അതുണ്ടാകാതെ കഴിഞ്ഞതു ഒരു വലിയ ഭാഗ്യമായിരുന്നുവെന്ന് ആശ്വസിക്കാം. ഇന്നലെ പരിശുദ്ധമായ ഈ നിയമസഭയോടും അതിന്റെ നടപടികളോടുമുള്ള ഒരു അവഹേളനം ഈ നിയമസഭയിലെ ഏതാനും മെമ്പറൻമാർ നടത്തി. അവരുടെ നേതാക്കൻമാർ അവിടെയിരുന്നു അതിന് മൗനാനുവാദം നൽകി. ഇതെല്ലാം വളരെ ഖേദകരമായി പോയിയെന്നു പറയുന്നതുകൊണ്ട് മാത്രം ആയോ സർ? വളരെയധികം പ്രതിഷേധാർഹമായിപ്പോയിയെന്നാണ് എനിക്ക് പറയുവാനുള്ളത്. അതിനെല്ലാം പുറമെ ഈ നിയമസഭയ്ക്കും, അങ്ങേയ്ക്കും, ഞങ്ങൾക്കും സേവനം നടത്തുന്ന താഴെക്കിടയിലുള്ള ഉദ്യോഗസ്ഥൻമാരുടെ മേൽ കയ്യേറ്റം നടത്താനും നിയമസമാധാനപാലത്തിനെത്തിയ ഉദ്യോഗസ്ഥനെ തല്ലി താഴെയിട്ടു ചവുട്ടി മെതിക്കാനും ചിലയാളുകൾ ഇവിടെ മുതിർന്നു. ഇന്ന് അവർ അതിനെസംബന്ധിച്ച് സ്വയം ആലോചിച്ചു ഖേദിക്കാൻ വേണ്ടിയായിരിക്കും ഈ സഭയിൽനിന്നു മാറിനിൽക്കുന്നത്.

ഈ നിയമസഭയിൽ ചില പൊടിക്കൈകൾ ഉണ്ടാകുമെന്ന് ഞാൻ പത്രത്തിൽ വായിച്ചു. ഉത്തരവാദിത്വമുള്ളവരല്ലെന്നു കരുതിക്കൂടാത്ത ചില രാഷ്ട്രീയ നേതാക്കൻമാർ അങ്ങിനെ പ്രസംഗിച്ചിരുന്നു. അത് ഈ ലജ്ജാവഹമായ സംഭവത്തിലേക്ക് എത്തുമെന്ന് ഞങ്ങളാരുംതന്നെ പ്രതീക്ഷിച്ചില്ല. കേരളത്തിലെ ജനങ്ങളെ ആകെ ഞെട്ടിപ്പിക്കുന്ന ഈ സംഭവത്തിൽ ജനാധിപത്യത്തിൽ വിശ്വസിക്കുന്ന എല്ലാ ആളുകളും പ്രതിഷേധിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ നിയമസഭയ്ക്ക് ഒരു പാരമ്പര്യം ഉണ്ട്. ഇൻഡ്യയിലെ മറേതു നിയമസഭകളേക്കാളും അച്ചടക്കവും, നിയന്ത്രണവും, ആത്മസംയമനവും പാലിച്ചുകൊണ്ടിരുന്ന ഈ നിയമസഭയുടെ സൽപേരിനു ഹാനി തട്ടത്തക്കവിധത്തിലുള്ള ഈ സംഭവത്തെപ്പറ്റി വലിയ വലിയ തലക്കെട്ടുകളോടുകൂടി പത്രങ്ങളിൽ വരുന്നത് ഇൻഡ്യയിൽ മാത്രമല്ല ലോകത്തെല്ലായിടത്തും എത്തും. ഇതെല്ലാം കാണുമ്പോൾ വിദ്യാഭ്യാസത്തിലും, അച്ചടക്കത്തിലും, എന്നു വേണ്ട എല്ലാ കാര്യത്തിലും മുന്നണിയിൽനിൽക്കുന്ന ഈ സംസ്ഥാനത്തിലെ ജനങ്ങളും മറ്റു സംസ്ഥാനങ്ങളിലെ കേരളീയരും അപമാനംകൊണ്ട് തലതാഴ്ത്തുന്നതാണ്. ആ വികാരത്തോടു നമുക്കു പങ്കുചേരാതിരിക്കാൻ നിവൃത്തിയില്ല. ഇന്നലെ മാത്രമല്ല ഈ സഭാസമ്മേളനം ആരംഭിച്ചതുമുതൽ ഇന്നലെവരെ അങ്ങ് അനുഭവിക്കേണ്ടിവന്ന വിഷമതകളും, സഭ നിയന്ത്രിക്കുന്നതിന് അങ്ങയ്ക്കുണ്ടായ ബുദ്ധിമുട്ടുകളും വാസ്തവത്തിൽ വളരെ വളരെയാണ്. ഈ മാതിരിയുള്ള ഒരു സഭ നടത്തിക്കൊണ്ടു പോകാനുള്ള പ്രയാസങ്ങളെക്കുറിച്ചും വിഷമതകളെക്കുറിച്ചും അൽപസ്വൽപം എനിക്കും അറിയാം. സഭാനടപടികളും നിയന്ത്രിക്കുന്നതിൽ ദൗർലബല്യമാണെന്നു പലപ്പോഴും വ്യാഖ്യാനിക്കപ്പെടുന്ന മഹാമനസ്കതയും, അങ്ങയുടെ നയതന്ത്രജ്ഞതയും ഏറ്റവും വലിയ സംഘർഷാവസ്ഥയിൽപ്പോലും ഒന്നോരണ്ടോ ഫലിതങ്ങളും പറഞ്ഞു സഭയെ ചിരിപ്പിക്കാനുള്ള അങ്ങയുടെ കഴിവും കൊണ്ടു പല കുഴപ്പങ്ങളും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്നലെത്തന്നെ അങ്ങയെപ്പോലെ ഇത്ര വിശാല മനസ്കത കാണിക്കാൻ ഇൻഡ്യയിലെ മറ്റൊരുസ്പീക്കർക്കും സാധിക്കുകയില്ല. എന്നിരുന്നിട്ടും അവരാരുംതന്നെ അങ്ങയെ അനുസരിച്ചില്ല. അനുസരിക്കാത്തതുപോകട്ടെ, അതവരുടെ സംസ്ക്കാരമാണ്. അങ്ങയെ ദേഹോപദ്രവം ചെയ്യാൻവരെ അവർ മുതിരുകയുണ്ടായി. അങ്ങിരിക്കുന്ന ആ കസേര കേരളത്തിന്റെ ജനാധിപത്യത്തിന്റെ പ്രതീകമാണ്. അതിലിരിക്കുന്ന അങ്ങേയ്ക്ക് ഈ നിയമസഭയിലുള്ള എല്ലാവരേയും നിയന്ത്രിക്കാനുള്ള അധികാരമുണ്ട്. വേലി ചാടി അങ്ങയെ ഉപദ്രവിക്കാൻ മേലോട്ടു കയറിവരികയും അപ്പോൾ പരിഭ്രമത്തോടുകൂടി അങ്ങു നിൽക്കുകയും ചെയ്യുന്നതുകണ്ടപ്പോൾ സത്യത്തിൽ എന്റെ കണ്ണു

LIBRARY ARCHIVES Kerala Legislative Assembly

കരം നനഞ്ഞുപോയി. അതു നോക്കിനിൽക്കാനേ ഞങ്ങൾക്ക് കഴികയുള്ളൂ. ഇക്കാര്യത്തെപ്പറ്റി നാം ഗൗരവപൂർവ്വം ആലോചിക്കണം. ഇത്തരത്തിലുള്ള സംഭവങ്ങൾ വരുമ്പോൾ, ജനാധിപത്യത്തിന്റെമേൽ കയ്യേറ്റം നടത്തുന്ന ഇത്തരം സംഭവങ്ങൾ നടക്കുമ്പോൾ ചോദ്യംചിഹ്നംപോലെ നോക്കിനിൽക്കാനേ സാധിക്കുകയുള്ളുവെന്ന് എനിക്കു തോന്നുന്നില്ല. എന്തായാലും അംഗങ്ങൾ കൂടി അവരുടെ വികാരങ്ങൾ പ്രകടിപ്പിച്ചതിനുശേഷം എന്തു ചെയ്യണമെന്നു നമുക്കു ആലോചിക്കാം. ജനങ്ങളുടെ പ്രതിനിധിയായി ഈ സീറ്റിൽ വന്നു നിൽക്കുന്ന നമുക്കുള്ള ധാർമ്മികമായരോഷം പ്രകടിപ്പിക്കുന്ന ബഹുമാനപ്പെട്ട സഭാനേതാവ് അവതരിപ്പിച്ചിട്ടുള്ള ഈ പ്രമേയത്തെ അകൃഷ്ടരം പ്രതി ഞാൻ അനുകൂലിക്കുന്നു. ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ മൂർച്ചയുള്ള ഫലിതങ്ങളടക്കമുള്ള മറ്റു വരികളോടും അകൃഷ്ടരം പ്രതി ഞാൻ യോജിക്കുന്നു. അങ്ങയുടെ കീഴിൽ ഈ സഭയിൽ ജോലി ചെയ്യുന്ന, നിസ്വാർത്ഥമായ സേവനം നടത്തുന്ന സഹോദരൻമാരുടെ നേരെ കയ്യേറ്റം നടത്തിയതിൽ കേരളത്തിലെ ജനങ്ങൾക്കുള്ള സഹതാപം അവരുടെ വിനീതരായ പ്രതിനിധി എന്നുള്ള നിലയിൽ ഈ സഭയിൽ പ്രകടിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ഈ വികാരപരമായ അന്തരീക്ഷത്തിൽ ഇതിൽക്കൂടുതലൊന്നുംതന്നെ എനിക്ക് പറയുവാനില്ല. എന്റെ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളുന്നു.

ഗതാഗതവും ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്): സർ, ബഹുമാനപ്പെട്ട സഭാനേതാവ് അവതരിപ്പിച്ച ഈ പ്രമേയത്തിലെ മുഴുവൻ വികാരങ്ങളോടും ഞാനും എന്റെ സഹപ്രവർത്തകരും എന്റെ പാർട്ടിഅംഗങ്ങളായ സുഹൃത്തുകളും പൂർണ്ണമായി യോജിക്കുകയാണ്. എനിക്കു മുമ്പു പ്രസംഗിച്ച ബഹുമാനപ്പെട്ട സുഹൃത്തുക്കൾ പ്രകടിപ്പിച്ച മുഴുവൻ ആശയങ്ങളോടും യോജിച്ചുകൊണ്ടു രണ്ടുമൂന്നു വാചകം മാത്രമേ പറയാൻ ഞാനാഗ്രഹിക്കുന്നുള്ളൂ. ബഹു: അഭ്യന്തരകാര്യമന്ത്രി ഇപ്പോൾ പറഞ്ഞതുപോലെ നമ്മുടെ ഈ നിയമസഭ കേരളത്തിന്റെ ജനാധിപത്യശ്രീകോവിലായ ഈ സഭ ഇൻഡ്യയിലെ ഏതു നിയമസഭയേക്കാളും ഉന്നതമായമാനദണ്ഡം പുലർത്തിപ്പോന്നിട്ടുണ്ട്; എല്ലാക്കാലത്തും എന്നുള്ളതു സത്യമാണ്. അതിൽ കേരളീയർ, ഇൻഡ്യയിലെ ഏറ്റവും പ്രബുദ്ധജനാധിപത്യവിശ്വാസികളും വിദ്യാഭ്യാസത്തിൽ മുന്നണിയിൽ നിൽക്കുന്നവരുമായ കേരളീയജനത എല്ലാക്കാലത്തും അഭിമാനംകൊണ്ടിട്ടുണ്ട്. പക്ഷേ ഇന്നലെ ഇവിടെ നടന്നതുപോലെയുള്ള അങ്ങേയറ്റം ജുഗുപ്സാവഹവും പൈശാചികവുമായ ഒരു സംഭവം ഈ സഭയിൽ നടക്കേണ്ടിവന്നല്ലോ എന്ന് ഓർക്കുമ്പോൾ ഈ രാജ്യത്തെ ജനാധിപത്യവിശ്വാസികൾ ഒന്നടങ്കം ലജ്ജിക്കുകയും അവരുടെ മുഖത്ത് കരിതേയ്ക്കുന്ന ഒരു കാഴ്ച ഈ സഭയിൽ കണ്ടുകൊണ്ടിരിക്കാനും അനുഭവിക്കാനും നമുക്കെല്ലാം ഇടവന്നല്ലോയെന്ന് ഓർക്കുമ്പോൾ നമ്മൾ ലജ്ജിക്കുകയും ചെയ്യേണ്ടതാണ്. സർ, ഇന്നലെ ഈ സഭയിലെ ഗ്യാലറിയിൽ ഹാജരായ ഹിന്ദുവിദ്യാർത്ഥികളും ബാലികാബാലൻമാരും അനേകം സ്ത്രീജനങ്ങളും——ഞാൻ പലപ്പോഴും അങ്ങോട്ടു നോക്കി സർ—— അവരിൽ പലരും കണ്ണീരൊഴുക്കുകയും സ്ത്രീജനങ്ങളിൽ പലരും ഇറങ്ങിപ്പോകുകയും ചെയ്യുന്ന കാഴ്ച സങ്കടത്തോടുകൂടിയും വേദനയോടുകൂടിയും ആണ് കണ്ടുക്കൊണ്ടിരുന്നത്. അതു വിവരിക്കാൻ സാധ്യമല്ല. ഈ പ്രവൃത്തികളെല്ലാം എങ്ങനെയുണ്ടായിയെന്നുള്ളതിനെപ്പറ്റി ബഹുമാനപ്പെട്ട എം.എൻ. ഗോവിന്ദൻനായർ സൂചിപ്പിച്ച കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല, ആ വഴിക്കു ചിന്തിക്കുമ്പോഴാണ് സർ, അങ്ങും ഈ സഭയും ഈ രാജ്യത്തെ ജനങ്ങളും വളരെ ഗൗരവത്തോടുകൂടി പര്യാലോചിക്കേണ്ട പല സംഗതികളും ഈ അവസരത്തിൽ ഇവിടെ നടക്കുന്നുണ്ട്. ഈ സഭയിൽ, സർ, അനേകകൊല്ലം, പത്തു പതിനാറു കൊല്ലം, അംഗമായിരിക്കാൻ എനിക്ക് ഭാഗ്യം കിട്ടിയിട്ടുണ്ട്. പല രാഷ്ട്രീയ പാർട്ടികളും തനിച്ചും കൂട്ടുകൂടിയും ഭരണം നടത്തിയിട്ടുണ്ട്. അപ്പോഴെല്ലാം ഭരണകക്ഷി പ്രതിപക്ഷബഞ്ചുകളി

LIBRARY ARCHIVES Kerala Legislative Assembly

ലായി പല പ്രാവശ്യം ഇരുന്നിട്ടുണ്ട്. 1957—ൽ ചരിത്രത്തിലാദ്യമായി ഒരു കമ്മ്യൂണിസ്റ്റുഗവൺമെൻറ് ബാലറ്റുപെട്ടിയിൽക്കൂടി ഈ രാജ്യത്തു രൂപം കൊണ്ടു. അന്ന് അതിപ്രബുദ്ധരും ഉന്നതൻമാരുമായ നേതാക്കൻമാർ പ്രതിപക്ഷത്തിരുന്നിട്ടുണ്ട്. ശ്രീ. പട്ടംതാണുപിള്ള ശ്രീ. പി. റ്റി. ചാക്കോ ശ്രീ. സി. എച്ച്. മുഹമ്മദുകോയ മുതലായ നേതാക്കൻമാർ അന്ന് അങ്ങേവശത്തായിരുന്നു. വളരെ ശക്തമായ പ്രതിപക്ഷമായിരുന്നു. വളരെ രൂക്ഷമായി ഭരണകക്ഷിയെ വിമർശിക്കുകയും പലകാര്യങ്ങളിലും എതിർക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഒരവസരത്തിലെങ്കിലും ഒറ്റ വിനാഴികസമയംപോലും സഭയുടെ നേതാവിനെ അംഗീകരിക്കാതെയോ ബഹുമാനപ്പെട്ട സ്പീക്കറെ ആദരിക്കാതെയോ ജനാധിപത്യമര്യാദകളെ ചവുട്ടിമെതിച്ചുകൊണ്ടോ ഒരക്ഷരം പോലും അന്നത്തെ പ്രതിപക്ഷത്തിൽനിന്ന് മാത്രമല്ല നേതാക്കൻമാരിൽനിന്ന് മാത്രമല്ല ഞാനുമുൾപ്പെടുന്ന പ്രതിപക്ഷത്തിന്റെ ഏറ്റവും പിൻനിരയിൽ ഇരുന്ന അംഗങ്ങളിൽ നിന്നു പോലും ഒരവസരത്തിൽപോലും നേരിയ ഒരപശബ്ദം പോലും ഉണ്ടായിട്ടില്ല. അങ്ങനെയുള്ള ഒരു പാരമ്പര്യമാണ് ഈ സഭയ്ക്കുള്ളത്. ഇന്ന് എനിക്ക് ഏറ്റവും അധികം പരാതിയുള്ളത്, സങ്കടമുള്ളത് കേരളത്തിലെ നേതൃത്വവലയത്തിൽ മാത്രമല്ല ഇൻഡ്യൻ രാഷ്ട്രീയ മൺഡലത്തിൽപ്പോലും ഒരു സ്ഥാനം കരസ്ഥമാക്കിയെന്ന് നാം ഒരവസരത്തിൽ കരുതിയിരുന്ന ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് അദ്ദേഹത്തിന്റെ രാഷ്ട്രീയ പാർട്ടിയോ പ്രത്യയശാസ്ത്രമോ എന്തുതന്നെയായിരുന്നാലും ഒരു മലയാളിയെന്ന നിലയിൽ അദ്ദേഹത്തെ ഒരു കാലത്തു നാമെല്ലാം ആദരിച്ചിരുന്നു അദ്ദേഹത്തിന്റെ സ്വഭാവത്തെപ്പറ്റി ഒരു പരിധിവരെ ഞങ്ങൾക്കൊക്കെ മതിപ്പുണ്ടായിരുന്നു. പക്ഷേ അദ്ദേഹം അടുത്ത ദിവസം ചെയ്ത പ്രസംഗത്തിന്റെ പരിണതഫലമാണ് ഇന്നലെ ഇവിടെ നടന്നത്. അഭിമാനമോ ആത്മാഭിമാനമോ പൗരുഷമോ ഉള്ള നേതാവായിരുന്നെങ്കിൽ അദ്ദേഹം ഈ സഭയിൽ ഇന്നലെ ഹാജരാകേണ്ടതായിരുന്നു. അദ്ദേഹം ഈ സഭയുടെ വെളിയിൽ എവിടെയോ ഇരുന്നുകൊണ്ട് ഇടക്കിടക്ക് ഉപദേശംകൊടുത്തുകൊണ്ടാണ് ഇക്കാര്യങ്ങളെല്ലാം നടത്തിയതെന്നറിയുമ്പോൾ അദ്ദേഹം ഇപ്പോൾ എവിടെ ചെന്നു നിൽക്കുന്നുയെന്നുള്ളത് കേരള ജനതയും ഇൻഡ്യൻ ജനതയും മനസ്സിലാക്കണം; മനസ്സിലാക്കുന്നുണ്ട്. അടുത്ത നാളുകളിൽ അദ്ദേഹം പറഞ്ഞു, ആയുധമെടുക്കും അദ്ദേഹത്തിന്റെ ആയുധമുപയോഗിക്കാൻ അറിയാമെന്ന് പറഞ്ഞു, അവരുടെ കൈവശം ആയുധമുണ്ടെന്നു പറഞ്ഞു. ഈ രാജ്യത്തെ പാവപ്പെട്ട പിഞ്ചുവിദ്യാർത്ഥികളും, പാവപ്പെട്ട കൂലിവേലക്കാർ, ട്രാൻസ്പോർട്ടു ബസ്സിൽകയറി യാത്ര ചെയ്തു സ്കൂളുകളിൽ പോകുകയോ വേലചെയ്ത് അത്താഴത്തിനുള്ള അരിയും കപ്പയും വാങ്ങി അവരവരുടെ വീടുകളിലേക്ക് പോകുമ്പോൾ ആസിഡ് ബംബ് എറിഞ്ഞുകൊല്ലുകയാണ്. മനുഷ്യനെ രക്ഷപ്പെടാനാവാത്ത വിധം. ബസ്സുകളുടെ വാതിലടച്ച് പെട്രോൾ ഒഴിച്ച് തീകത്തിക്കുകയാണ്. ഇത്തരം ആഹ്വാനങ്ങളോടുകൂടി ഈ രാജ്യത്തു നടത്തുന്ന സംഭവങ്ങളുടെ നിയമസഭയിലെ പ്രകടനമായിരുന്നു സർ, ഇന്നലെ ഇവിടെ നടന്നത്. ഈ ഇൻഡ്യാ രാജ്യത്ത് എല്ലാ രാഷ്ട്രീയപാർട്ടികൾക്കും എല്ലാ പ്രത്യയശാസ്ത്രങ്ങളിൽ വിശ്വസിക്കുന്ന ആളുകൾക്കും പരിപൂർണ്ണസ്വാതന്ത്ര്യത്തോടുകൂടി സംഘടിക്കാനും അഭിപ്രായം പറയാനും എതിർക്കാനും എല്ലാം സ്വാതന്ത്ര്യമുള്ള അതിവിശാലമായ ജനാധിപത്യതത്വങ്ങളാണ് നമ്മുടെ ഭരണഘടന ഉൾക്കൊള്ളുന്നത്. പക്ഷേ അവയെ ഉപയോഗിച്ചുകൊണ്ട് അകത്തുനിന്ന് തന്നെ തകർക്കുമെന്ന പ്രഖ്യാപനത്തോടുകൂടി നിയമസഭയിൽ കൂടെ ഇത്തരത്തിലുള്ള കൈയേറ്റങ്ങൾ നടത്തുമ്പോൾ തീർച്ചയായും അതിനെ അലസമനോഭാവത്തോടുകൂടി കാണാൻ സാധിക്കുകയില്ല സർ, സർ, ഈ നിയമസഭയെയും ഈ നിയമസഭയിൽ അങ്ങിരിക്കുന്ന സമുന്നത നീതിപീഠത്തെയും അക്രമിക്കുവാൻ മുതിർന്നവരെ എന്തു

LIBRARY ARCHIVES Kerala Legislative Assembly

ഭാഷയിലാണ് വിവരിക്കേണ്ടതെന്ന്. എനിക്കറിഞ്ഞുകൂടാ. ഈ സഭയിലെ ഞങ്ങൾക്ക് പല പ്രാവശ്യം തോന്നിയിട്ടുണ്ട് ആവശ്യത്തിൽ കൂടുതൽ ഔദാര്യം അങ്ങു പ്രതിപക്ഷത്തോടു കാണിക്കുന്നുണ്ട്, എല്ലാ ഭാഗത്തുള്ളവരോടും കാണിക്കുന്നുണ്ട് എന്ന്. ഞങ്ങളെല്ലാം അതു അനുഭവിച്ചിട്ടുള്ളവരാണ്. പക്ഷേ ഞങ്ങൾ അനുഭവിച്ചപ്പോൾ റൂളിന്റെ മുനയിൽനിന്നും മാറി കൂടുതലായി രണ്ടു വാചകം പറയുന്നതിൽ കവിഞ്ഞ് ഞങ്ങൾ ഒന്നും ചെയ്തില്ല സർ. അങ്ങു ആ അവസരങ്ങളിലെല്ലാം ഔദാര്യപൂർവ്വം ഞങ്ങളോട് പെരുമാറിയിട്ടുണ്ട്. ഒരുത്തരോടും ഒരിക്കൽപോലും അങ്ങു മനോവേദനപ്പെടുത്തുന്ന ഒരു താക്കീതെങ്കിലും നൽകിയെന്ന് പറയാൻ സാധ്യമല്ല. പലപ്പോഴും ആവശ്യത്തിൽ കവിഞ്ഞ് ഔദാര്യം കാണിച്ചുവെന്ന് പരാതിപ്പെടാൻ മാത്രമേ ഇടയായിട്ടുള്ളു. അങ്ങനെയുള്ള അങ്ങയെ ആക്രമിക്കുവാൻ മുതിരുക ഒരു അനീതിതന്നെയാണ്. ഈശ്വരകാരുണ്യംകൊണ്ട് അങ്ങ് ആക്രമണത്തിനു വിധേയനായില്ല. അങ്ങയെ രക്ഷിക്കുവാൻവേണ്ടി ജീവത്യാഗംചെയ്യാൻ അനേകമാളുകളും ഈ സഭയിലുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. അതിനിടവരുത്താതെ ആക്രമിച്ചവരുടെ സംസ്ക്കാരത്തെ സംബന്ധിച്ച് ഈ രാജ്യത്തെ ജനങ്ങൾ വിലയിരുത്തുമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, നിയമസഭയിലെ ഇങ്ങേവശത്തുള്ള അംഗങ്ങളെയോ മന്ത്രിമാരെയോ ആക്രമിച്ചാൽ മനസ്സിലാക്കാമായിരുന്നു. പക്ഷേ നമ്മുടെ ഈ നിയമസഭയിലെ പാവപ്പെട്ട സഹോദരൻമാർ, സ്തുത്യർഹമായ സേവനം ചെയ്തുകൊണ്ടിരുന്നവർ, ഒരു രാഷ്ട്രീയപാർട്ടിയോടും കൂറുകാണിക്കാതെ അവരവരുടെ ജോലി നോക്കി രാഷ്ട്രീയമൊന്നുമില്ലാതെ ജീവിക്കുന്ന പാവപ്പെട്ട താഴെക്കിടയിലുള്ള ജീവനക്കാരെ ആക്രമിക്കാനും വൃദ്ധനും ശാന്തനും അങ്ങയുടെ വാച്ച് ആൻഡ് വാർഡിൽപ്പെട്ട അങ്ങയുടെ അംഗരക്ഷകനായ സർക്കിനെ ഇൻസ്പെക്ടറെ—പെൻഷൻ പറ്റാൻ ഏതാനും ദിവസം മാത്രമുള്ള—ആ സാധു മനുഷ്യനെ മറിച്ചിടാനും ചവുട്ടാനും തൊഴിക്കാനും അതിൽ സന്തോഷിക്കാനും മുൻമന്ത്രിമാർ വരെ തയ്യാറായതിനെപ്പറ്റി ഞാനൊന്നും പറയുന്നില്ല. അവർ എങ്ങോട്ടു പോകുന്നുവെന്നും ഈ രാജ്യത്തെ എങ്ങോട്ടു നയിക്കുന്നുവെന്നും എന്താണ് അവർ ഉദ്ദേശിച്ചിട്ടുള്ളതെന്നുമുള്ളതിന്റെ പ്രത്യക്ഷലക്ഷണമാണ് ഇതെല്ലാം. പക്ഷേ ഇതിനെല്ലാം ഒരറുതി വരുത്താൻ ഇൻഡ്യൻ ജനാധിപത്യം ഇന്നും സുശക്തമാണ്. നമ്മുടെ ജനാധിപത്യ സംപ്രദായത്തിന് ഇതിനെല്ലാം നിയന്ത്രിക്കുവാനും അറുതി വരുത്താനും കഴിയുമെന്നുള്ളതുകൊണ്ട് ഞാനതിൽ ദു:ഖിക്കുന്നില്ല. ഈ രാജ്യത്തെ ജനങ്ങളെ ഈ സംഭവങ്ങൾ ഇതിന് മുമ്പ് അവർ എത്ര അലസരായിരുന്നെങ്കിൽപ്പോലും, ജനാധിപത്യ താൽപര്യങ്ങളെയും മൂല്യങ്ങളെയും രക്ഷിക്കുന്നതിനു ഓരോരുത്തരെയും പടയാളികളാക്കി മാറ്റുമെന്ന് എനിക്ക് പരിപൂർണ്ണ വിശ്വാസമുണ്ട്. തീർച്ചയായും മേലാൽ ഈ സഭയിലെന്നല്ലാ ഇൻഡ്യയിലെ ഒരു സഭയിലും ഇത്തരം സംഭവങ്ങളുണ്ടാകാൻ ഇടയാകാത്ത സാഹചര്യത്തിലേക്ക് ഇൻഡ്യൻ രാഷ്ട്രീയം തിരിയും, അതിന്റെ വഴിത്തിരിവിലേക്കുള്ള നാഴികക്കല്ലാണ് ദു:ഖകരമായ, ഖേദകരമായ, ജുഗുപ്സാവഹമായ ഈ സംഭവമെന്ന് ഞാൻ വിശ്വസിക്കുന്നു. സർ, അങ്ങയോടും അതുപോലെതന്നെ ഈ സഭയിലെ താഴെക്കിടയിലുള്ള ജീവനക്കാരോടും മർദ്ദനത്തിന് വിധേയനായ പോലീസ് ഉദ്യോഗസ്ഥനോടും ഈ സഭയിലുള്ള എല്ലാവർക്കും അങ്ങേയറ്റം നിർവ്യാജമായ സങ്കടമുണ്ടെന്നും ഇതുപോലെ ഒരു സംഭവമുണ്ടായതിൽ നിർവ്യാജമായി ദു:ഖിക്കുന്നുയെന്നും അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്. തീർച്ചയായും ഇ. എം. എസ്. നമ്പൂതിരിപ്പാടു ഈ സംഭവങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നുണ്ടോ ഇല്ലയോയെന്ന് അറിയേണ്ടതായിട്ടുണ്ട്. ഈ രാജ്യത്തെ വളരെ പ്രബലമായ ഒരു രാഷ്ട്രീയകക്ഷിയുടെ നേതാവാണ് അദ്ദേഹം. ഈ സഭയിലെ പ്രതിപക്ഷ നേതാവാണ്. ഈ സഭയിൽ രണ്ടു പ്രാവശ്യം മുഖ്യമന്ത്രിയായിട്ടുള്ള ആളാണ് അദ്ദേഹം. ആത്മാർത്ഥതയുള്ള ഒരു രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

നേതാവാണ്. അദ്ദേഹമെങ്കിൽ ഈ സംഭവങ്ങളുടെ ഉത്തരവാദിത്വം ഏറെടുത്ത് ഈ ജനാധിപത്യശ്രീകോവിലിൽ വന്ന് പരസ്യമായി മാപ്പു പറയണ്ടേതുണ്ട്. അത് അദ്ദേഹം ചെയ്യുമോ ഇല്ലയോയെന്ന് കേരളജനത തീർച്ചയായും ഉറ്റു നോക്കികൊണ്ടിരിക്കുകയാണ്. അക്കാര്യം അവിടെ നിൽക്കട്ടെ. ഈ ഗൗരവമേറിയ കാലഘട്ടത്തിൽ ഒരു രാഷ്ട്രീയപാർട്ടി, കുറെയേറെ ശക്തിയും സ്വാധീനവും ഉള്ള ഒരു രാഷ്ട്രീയപാർട്ടി, കുറെയെറെ കൈമുതൽ അടുത്തകാലത്ത് ഉണ്ടാക്കിയിട്ടുള്ള ഒരു രാഷ്ട്രീയ പാർട്ടി, ആയുധമെടുത്ത് അക്രമത്തിനും അട്ടിമറിക്കും പരിശ്രമിക്കുമ്പോഴും ചെയ്യേണ്ട കാര്യങ്ങളും എന്താണെന്ന് വിവേകപൂർവ്വം ചിന്തിച്ച് നടപടി കൈക്കൊള്ളാൻ ഈ സംഭവം ഒരവസരം നമുക്ക് തുറന്നു തന്നിരിക്കുന്നുയെന്ന് പറയാൻ ഈ അവസരത്തിൽ ഞാനാഗ്രഹിക്കുന്നു. സർ തീർച്ചയായും ഇവിടെ വന്നുചേർന്നിട്ടുള്ള കളങ്കം, ഈ സഭയുടെ സൽപേരിന്, കേരളജനതയുടെ മുഖത്ത്, കരിതേക്കുന്നതിനു ഇടയാക്കിയിട്ടുള്ള ഈ സംഭവം ഈ രാജ്യത്തെ ജനാധിപത്യതത്വങ്ങളെ ശക്തിപ്പെടുത്തുവാൻ, ജനാധിപത്യജീവിതരീതിയെ ഉറപ്പിക്കുവാൻ ഒരവസരമായി വിനിയോഗിക്കാൻ തീർച്ചയായും ഈ സഭയും കേരളജനതയും പരിശ്രമിക്കുമെന്ന പ്രതീക്ഷയാണുള്ളത്. തിൻമയിൽനിന്നും നൻമ വരാം സാർ. തിന്മയിൽനിന്ന് നന്മ വരുന്നതിന് ഉള്ള ഒരു സന്ദർഭമായി ഈ അനിഷ്ടസംഭവങ്ങളും ഇടയാക്കട്ടേയെന്ന പ്രാർത്ഥനയോടുകൂടി ഞാനവസാനിപ്പിക്കുകയാണ്.

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ): സർ, ബഹുമാനപ്പെട്ട സഭാനേതാവ് ഇവിടെ അവതരിപ്പിച്ച പ്രമേയത്തിലെ ഓരോ വാക്കിനോടും അദ്ദേഹം ചെയ്ത പ്രസംഗത്തിൽ ഉൾക്കൊണ്ട എല്ലാ വികാരങ്ങളോടും പരിപൂർണ്ണമായും ഞാനും എന്റെ കക്ഷിയും യോജിക്കുന്നു എന്നറിയിക്കാനാണ് ഞാൻ ഈ സന്ദർഭത്തിൽ ഇവിടെ നിൽക്കുന്നത്. ജനാധിപത്യത്തിന്റെ ശ്രീകോവിലായി നാമെല്ലാപേരും എക്കാലത്തും പൂജിച്ചുപോന്നിട്ടുള്ള ഈ നിയമസഭാതലം അഭൂതപൂർവ്വമായ അക്രമത്തിന്റെയും കൊലവിളിയുടെയും ഒരു രംഗമായി ഇന്നലെ മാറിയെന്നുള്ളത് ജനാധിപത്യവാദികളായ നമുക്ക് ലജ്ജിക്കാനല്ല ഇടനൽകേണ്ടത് വിഷാദിക്കാനാണ് ഇട നൽകണമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇതിൽ ലജ്ജിക്കേണ്ടതു നാമല്ല, ലജ്ജിക്കേണ്ടത് അതു ചെയ്തവരാണ്. പക്ഷേ അവർ അതിൽ ലജ്ജിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഇതു പറയാൻ കാരണം ജനാധിപത്യത്തെസംബന്ധിച്ച്, അതിന്റെ മേൻമയെ സംബന്ധിച്ച് അശേഷം വിശ്വാസമില്ലാത്ത ഒരു കക്ഷി, അധികാര സേവനം മാത്രം നടത്തി ശീലിച്ചുപോന്നിട്ടുള്ള ഒരു കക്ഷി, ജനാധിപത്യ സ്ഥാപനം ഒരു ബൂർഷ്വാ സ്ഥാപനമാണെന്നു കരുതാൻ അശേഷം മടി കാണിക്കാത്ത ഒരു കക്ഷി, ജനാധിപത്യകീഴ്വഴക്കങ്ങളേയും സ്ഥാപനങ്ങളേയും തരിമ്പും സ്നേഹിക്കാനും ബഹുമാനിക്കാനും ഒരു കാലത്തും മിനക്കെടാത്ത ഒരു കക്ഷി, ഇത്തരത്തിൽ പ്രവർത്തിച്ചു എന്നുള്ളത് ഞാൻ ഒരു അത്ഭുതമായികരുതുന്നില്ല സർ, ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. മാർക്സിസ്റ്റുപാർട്ടി ഒരു കാലത്തും ജനാധിപത്യത്തിൽ വിശ്വസിച്ചിട്ടില്ല. ജനാധിപത്യത്തിൽ വിശ്വസിക്കുന്നുവെന്ന് അവർ എക്കാലത്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അത് ഇന്നാട്ടിലെ ജനങ്ങളെ കബളിപ്പിക്കുന്നതിനും അവരുടെ വോട്ടുകൾ തട്ടിയെടുത്ത് അധികാരത്തിൽ കയറാനുമുള്ള സന്ദർഭം ഉപയോഗപ്പെടുത്താൻഅതുസൗകര്യപ്രദമാണെന്നു കാണുന്നതുകൊണ്ടും മാത്രമാണ് എന്ന് ഇന്നാട്ടിലെ ജനങ്ങൾ ഓരോദിവസം ചെല്ലുംതോറും മനസ്സിലാക്കിവരികയാണ്.

സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഈ ഗവൺമെന്റിനെ താഴത്തിറക്കുന്നതിനും ഈ ഗവൺമെന്റിന്റെ നല്ല കാര്യങ്ങളെ ബഹുജനമധ്യത്തിൽ കരിതേച്ചുകാണിക്കുന്നതിനുമുള്ള ഒരു വ്യർത്ഥാശ്രമത്തിലാണ് അവർ ഏർപ്പെട്ടിട്ടുള്ളത്. അവർക്കുചെയ്യാൻ സാധിക്കാത്ത

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളും ഈ ഗവർമെൻറിനു ചെയ്യാൻ സാധിച്ചു എന്നുള്ളതാണ്. അതിൻെറ പേരിൽ ഇന്നാട്ടിലെ ജനങ്ങളും ഈ ഗവൺമെൻറിന് അങ്ങേയറ്റം ആനുകൂല്യം നൽകുന്നു എന്നുള്ളത് മാർക്സിസ്റ്റു പാർട്ടിക്ക് സഹിക്കാൻ സാധിക്കാത്ത ഒരു സംഭവവികാസമായിത്തീർന്നിട്ടുണ്ടെങ്കിൽ ഞങ്ങൾക്ക് അക്കാര്യത്തിൽ അവരെ സഹായിക്കാനാവില്ല സർ. ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന രണ്ടാമത്തെ ദിവസം മുതൽ ഈ ഗവൺമെൻറി നെതിരായുള്ള കരുനീക്കങ്ങളും അവർ ആരംഭിച്ചിട്ടുള്ള കാര്യം ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. അതിൻെറ ക്ലൈമാക്സ് എന്നുള്ള നിലയിലാണ്, ഈ ഗവൺമെൻറിനെതിരായ നീക്കങ്ങളുടെ ഏറ്റവും കൂടിയ ഒരു പ്രതിഭാസമെന്നുള്ള നിലയിലാണ് ഇന്നലെ അവർ ഇവിടെ കാട്ടിക്കൂട്ടിയ പേക്കൂത്തുകളെ നാം വീക്ഷിക്കേണ്ടതായിട്ടുള്ളത്. പക്ഷേ ഈ നാട്ടിലെ ജനങ്ങളും അതുകൊണ്ടൊന്നും ഭയപ്പെടാൻ പോകുന്നില്ലെന്നും ഇന്നാട്ടിലെ ജനാധിപത്യവിശ്വാസികളും ഇതുപോലെയുള്ള സംഭവങ്ങൾകൊണ്ട് ജനാധിപത്യത്തിലുള്ള വിശ്വാസം അശേഷം കളഞ്ഞുകുളിക്കാൻ പോകുന്നില്ലെന്നും അവർ മനസ്സിലാക്കുന്നതു നന്നായിരിക്കും. വിപ്ലവത്തിൻെറ ഭാഷയിലാണ് ഇതുമൂലം അവർ സംസാരിക്കുന്നതെന്നു അവർ ധരിച്ചുവച്ചിട്ടുണ്ടെങ്കിൽ അവർക്ക് വിപ്ലവം എന്താണെന്നു അറിയുകയില്ല എന്നുമാത്രം ഈ സന്ദർഭത്തിൽ പറയാൻ ഞാനാഗ്രഹിക്കുന്നു. ഇവരുടെ മനുഷ്യത്വവിഹീനമായ പ്രവർത്തനംകൊണ്ട് ചാവശ്ശേരിയിൽ നിരപരാധികളായ ഏതാനും പേരെ കരിച്ചുകൊല്ലുന്നതിനു കരിംകൈ ഉയർത്തിയപ്പോഴും അവരുടെ പേരിൽ കണ്ണുനീർ ഒഴുക്കാനുണ്ടായിരുന്നില്ല, സാന്ത്വനത്തിൻെറ ഒരു വാക്കുപോലും ഉരിയാടാൻ സാധിച്ചിട്ടില്ല. അവരാണ് മിനിയാന്ന് ഇവിടെയുണ്ടായി എന്നു പറയപ്പെടുന്ന ലാത്തിച്ചാർജ്ജിൻെറ പേരിൽ—അങ്ങ് അവർക്കു മറ്റു രൂപത്തിൽ സംസാരിക്കാനുള്ള അവസരം യഥേഷ്ടം നൽകിയിട്ടും—അടിയന്തിര പ്രമേയത്തെപ്പറ്റി ചർച്ച നടത്തണമെന്ന പിടിവാശിയുടെ പേരിൽ നിന്നതും, അങ്ങ് അനുമതി നിഷേധിച്ചപ്പോഴും ഇന്നലെ ഇവിടെയുണ്ടായ രൂപത്തിലുള്ള എല്ലാത്തരത്തിലും അപരിഷ്കൃതമായ എല്ലാ നടപടികളും കൈകൊണ്ടതും. ഇന്നവർ ഇന്നാട്ടിലെന്നുമാത്രമല്ല ലോകത്തിലെ മുഴുവൻ ജനാധിപത്യവിശ്വാസികളുടെ കോടതിയുടെ മുൻപാകെ അപരാധികളുടെ കൂട്ടത്തിൽ കൈവിലങ്ങു മണിഞ്ഞ് നിൽക്കുകയാണെന്നാണ് ഞാൻ ഭാവനയിൽകാണുന്നത്. ഇത് ഇന്നാട്ടിലെ ജനങ്ങളെസംബന്ധിച്ചിടത്തോളം മറെറാരു തരത്തിൽ അനുഗ്രഹമാണ്. ഈ രാജ്യത്തിൻെറ ഭാവിഭാഗധേയം നിർണ്ണയിക്കാൻ ജനങ്ങളും ഏതു രാഷ്ട്രീയ പ്രസ്ഥാനമാണ് കൈക്കൊള്ളേണ്ടതെന്നുള്ളതിനെസംബന്ധിച്ച് അവർക്ക് ഒരു പാഠം കിട്ടുന്നതിനും അതനുസരിച്ച് ഇന്നാട്ടിലെ ഭാവിസംവിധാനത്തെ സംബന്ധിച്ച് സ്വതന്ത്രവും നീതിപൂർവ്വകവുമായ ഒരു ഭരണം ഉണ്ടാകുന്നതുസംബന്ധിച്ച അഭിപ്രായം രൂപീകരിക്കുന്നതിനും ഉള്ള മാർഗ്ഗം ഇതുവഴിക്കു വരുന്നു എന്നുള്ളതും ഇന്നലെ നടന്ന സംഭവങ്ങളുടെ പരിണതഫലമായി ഈ രാജ്യത്തെ സംഭവവികാസങ്ങളിൽ ഉടലെടുക്കുമെന്നു ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഇത്രയും പറഞ്ഞുകൊണ്ട് ഇവിടെ അവതരിക്കപ്പെട്ടിട്ടുള്ള ഈ പ്രമേയത്തോട് അങ്ങേയറ്റം ഹൃദയപൂർവ്വമായ ആനുകൂല്യം പ്രകടിപ്പിച്ചുകൊള്ളുന്നു.

ശ്രീ കെ. കരുണാകരൻ: സർ, സഭാനേതാവ് ഈ സഭയിൽ അവതരിപ്പിച്ച പ്രമേയത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. അദ്ദേഹം ഇവിടെ പ്രകടിപ്പിച്ച അഭിപ്രായഗതികളോടും എനിക്ക് തികച്ചും യോജിപ്പുണ്ട്. ഇന്നലെ ഈ സഭയിൽ നടന്നസംഭവം ഒരു ഒറപ്പെട്ട സംഭവമല്ല. 1967–ലെ തെരഞ്ഞെടുപ്പിനുശേഷം മാർക്സിസ്റ്റു പാർട്ടി അനുവർത്തിച്ചുവന്നിട്ടുള്ള നയമെന്താണെന്ന് എല്ലാവർക്കും നല്ലതുപോലെ അറിയാം. ഭരണകക്ഷി

LIBRARY ARCHIVES Kerala Legislative Assembly

യായിരുന്നപ്പോഴും പ്രതിപക്ഷമായിരുന്നപ്പോഴും പ്രകടനം ഈ സഭയ്ക്ക കത്തു നടത്തുകയെന്നുള്ളത്. ഉണ്ടായിട്ടുണ്ട്. സർ, പലരും ഇവിടെ ചൂണ്ടി ക്കാണിച്ചിട്ടുള്ളതുപോലെ നമ്മുടെ നിയമസഭ നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങളെസംബന്ധിച്ചിടത്തോളം അവരുടെ എല്ലാമെല്ലാമാണ്. ഈ സഭ ചെയ്യുന്ന തീരുമാനം ഈ സംസ്ഥാനത്തിലെ ജനങ്ങൾക്ക് ബാധകമാണ്. അവരുടെ ഭാവി, അവരുടെ സർവ്വസ്വവും ഈ സഭയുടെ തീരുമാനത്തിന് വിധേയമാണ്. സർ, നിയമസഭാംഗങ്ങൾക്ക് ചില പ്രത്യേക പരിഗണനകൾ നൽകിയിട്ടുള്ളത് ഈ കാര്യങ്ങളെല്ലാം കണക്കി ലെടുത്തുകൊണ്ടാണ്. ഉത്തരവാദിത്വബോധമുള്ളവരും ജനങ്ങൾതെരഞ്ഞെടു ത്തയക്കുന്ന നല്ലവരുമായ ആളുകൾ ജനങ്ങളോടുള്ള ഉത്തരവാദിത്വത്തിന്റെ പേരിൽ, അവർ ഈ സഭയിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ ഏതെങ്കിലും കാരണവശാൽ ഒരുപക്ഷേ നൂറുശതമാനവും ശരിയല്ലെങ്കിൽ പോലും ആത്മാർത്ഥമായി അവർ ചൂണ്ടിക്കാണിച്ചാൽ അതൊരു കുറ്റമായി ത്തീരരുതെന്നും ജനങ്ങളുടെ വികാരങ്ങൾ പ്രതിഫലിപ്പിക്കുമ്പോൾ പല പ്പോഴും അത്തരം ന്യൂനതകൾ സംഭവിക്കാമെന്നും കരുതിയാണ് ഭരണ ഘടനയിൽ അവർക്ക് ചില പരിരക്ഷകളെല്ലാം നൽകിയിട്ടുള്ളത്. ഭരണ ഘടന നൽകിയിട്ടുള്ള പരിരക്ഷ പാർലമെന്ററി ഡമോക്രസിക്ക് സഹായക മായിട്ട് ഉപയോഗിക്കത്തക്കനിലയിലുള്ളതാണ്. എന്നാൽ തങ്ങൾ പാർല മെന്ററി ഭരണസംപ്രദായം ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാനുള്ള ഒരു പന്ഥാവ് എന്നുള്ള നിലയിലല്ല അതിനെ സ്വീകരിക്കുന്നതെന്നും തങ്ങളുടെ വിപ്ലവപ്രസ്ഥാനത്തിനുള്ള ഒരു രംഗ മായി അതിനെ തങ്ങൾ രൂപാന്തരപ്പെടുത്തുമെന്നു പറയുകയും അതു വിശ്വ സിച്ചു പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു പാർട്ടിയുടെ പ്രതിനിധികളാണ് ഈ സഭയിൽ ഇന്നലെ ഇതെല്ലാം കാട്ടിക്കൂട്ടിയത്. സർ, അവർക്ക് പ്രതിഷേധം രേഖപ്പെടുത്താം. ഇന്നലെ അതു രേഖപ്പെടുത്തുകയും ചെയ്തു. ഇതിനുമുമ്പും രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു രാഷ്ട്രീയപാർട്ടി ശരിയായ ജനാധിപത്യ മുറയിൽ പ്രതിഷേധം രേഖപ്പെടുത്തുക സ്വഭാവികമാണ്. കഴിഞ്ഞ ദിവസം ഇവിടെ പ്രതിഷേധം രേഖപ്പെടുത്താൻ കാരണമായിത്തീർന്നസംഭവ ത്തിന്റെ മെരിറ്റിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഈ പറയുന്ന സംഭവം നടന്നോ നടന്നില്ലയോ എന്നുള്ളതിലേക്ക്യ്ക്ക് ഞാൻ കടന്നില്ല. തിരുവനന്ത പുരത്തുള്ള ആളുകൾക്കുതന്നെ അറിയാമല്ലോ ഇവിടെ ഒന്നും നടന്നിട്ടില്ലെന്ന്. ഇനി നടന്നു എന്നുള്ളതാണ് ശരിയെങ്കിൽ കേരളത്തിലെ നിരവധി യുവാക്കളെ കൊല്ലത്തും കോഴിക്കോട്ടും പാലക്കാട്ടും കാസർക്കോട്ടും വച്ച് വെടിവച്ചതി നേയും അതിനു ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടു പറഞ്ഞ മറുപടിയേയും കുറിച്ച് ഞാൻ ഇപ്പോൾ ഓർക്കുകയാണ്. പോലീസുകാർ ചിലപ്പോൾ അൽപം തല്ലുകയില്ലെന്നു പറയാൻ പറ്റുകയില്ല, തല്ലുമ്പോൾ അളന്നു മുറിച്ചു തല്ലാൻ ഒക്കുകയില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെ പോലീ സിന്റെ എല്ലാ നടപടികളെയും ന്യായീകരിച്ചുകൊണ്ട് ഈ നാട്ടിലെ യുവാക്കളു ടെയും വിദ്യാർത്ഥികളുടെയും രക്തം ചിന്തിയതിനെ സംബന്ധിച്ച് ഒരക്ഷരംപോലും സംസാരിക്കാൻ ഈ സഭയിൽ അവസരം കൊടുക്ക രുതെന്ന് പറഞ്ഞുകൊണ്ട് ഭരണം നടത്തിയ ശ്രീമാൻ നമ്പൂതിരിപ്പാടും അദ്ദേഹത്തിന്റെ പാർട്ടിയുമാണ് ഈ സഭയിൽ ഈ നടപടിയെല്ലാം സ്വീകരിച്ചത് സഭയ്ക്കകത്ത് ഈ ബഹളങ്ങളെല്ലാം കാണിച്ചതിനുശേഷം അവർ അങ്ങയുടെ നേരെ തിരിയുകയും അങ്ങയുടെ മേശപ്പുറത്തിരുന്ന സാധനങ്ങൾ നശിപ്പിക്കുകയും ചെയ്തു. അതു അവരുടെ പരിപാടിയുടെ ഭാഗമാണ്. അവിടെ ഇരുന്ന മൈക്ക് തട്ടി താഴത്തേയ്ക്ക് ഇട്ടു. അവർ ഇവിടെ ഇങ്ങനെയൊക്കെയാണ് ചെയ്തതെങ്കിലും അവരിൽനിന്ന് ജനങ്ങൾ ചിലതെല്ലാം പ്രതീക്ഷിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ എം. എൽ. എ.മാർ അവരുടെ ചുമതല നിർവ്വഹിക്കാൻ പോന്നവർ ആയിരിക്കുമെന്ന പ്രതീക്ഷയിലാണ് അവരെ തെരഞ്ഞെടുത്ത് ഇങ്ങോട്ട് അയച്ചിരിക്കുന്നത്. അവർ അങ്ങയെ ആക്രമിക്കാൻ വന്നപ്പോഴും അങ്ങയെ രക്ഷിക്കാൻ നിന്നിരുന്ന ലാസ്റ്റ് ഗ്രേഡു ജീവനക്കാരൻ അയാളുടേതായ ചുമതലാബോധംകൊണ്ട് അവരെ അതിൽനിന്നും പിൻതിരിപ്പിക്കാൻ തന്റേതായ എളിയ സംഭാവനയും ചെയ്തു സർ. ഒരു കീഴ്ജീവനക്കാരനെ മാതൃകയാക്കാൻപോലും ഈ എം. എൽ. എ. എന്നു പറയുന്ന ഇവിടെ ഇരിക്കുന്ന ആളുകൾക്ക് സാധിച്ചില്ലല്ലോ എന്നോർത്ത് ഞാൻ ലജ്ജിക്കുകയാണ്. അവൻ അവന്റെ കർത്തവ്യം നിർവ്വഹിച്ചു. ആ കർത്തവ്യബോധം ഈ എം. എൽ. എ.മാർക്കുണ്ടായിരുന്നെങ്കിൽ ആ നിരപരാധിയെ പിടിച്ചു തള്ളാനും തല്ലാനും തയ്യാറാകുമോ? സർക്കിൾ ഇൻസ്പെക്ടറുടെ കാര്യം ഇവിടെ പലരും പറയുകയുണ്ടായി. ഈ ബഹളത്തിനിടയിൽ അകത്തേയ്ക്കു മൂക്കുകുത്തി വീണപ്പോൾ ഒരു ധീരവീരപരാക്രമി കുളീനായിട്ടു കാര്യങ്ങളെല്ലാം നടത്തുന്നയാളു് ആ മനുഷ്യനെ പിടിച്ചുതള്ളി പുറംകാൽകൊണ്ട് ചവിട്ടുകയാണ് ചെയ്തത്. ചവിട്ടേറ്റ ആ മനുഷ്യൻ, ആ പാവം മലർന്നു വീണു. ഞാൻ അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. പറഞ്ഞാൽ പറയുന്ന നമുക്കുതന്നെ ലജ്ജതോന്നും.

സർ, ഒരുകാര്യംകൂടി എനിക്ക് പറയാനുണ്ട്. കേരളത്തിലെ ജനങ്ങൾ ഇന്ന് ലജ്ജിക്കുകയും വേദനിക്കുകയും ചെയ്യുകയാണ്. ഇവരെ തെരഞ്ഞെടുത്ത വോട്ടർമാർക്ക് തങ്ങളുടെ പ്രതിനിധികളെ തിരിച്ചുവിളിക്കാനുള്ള ഒരു സന്ദർഭം, അങ്ങനെ ഒരു പ്രൊവിഷൻ ഭരണഘടനയിൽ ഉണ്ടായിരുന്നെങ്കിൽ ആ ഭാഗത്തിരിക്കുന്ന മാർക്സിസ്റ്റു എം. എൽ. എ. മാരെ അവർ തിരിച്ചുവിളിക്കാതെ പച്ചവെള്ളംപോലും കഴിക്കുമായിരുന്നില്ല. അവർക്ക് ധൈര്യമുണ്ടെങ്കിൽ അവർക്ക് വോട്ടർമാരോടുള്ള കർത്തവ്യബോധമുണ്ടെങ്കിൽ ഇതാണ് ഞങ്ങളുടെ പരിപാടി, ഞങ്ങൾ നിയമസഭയിൽ ചെന്ന് സ്പീക്കറെ തല്ലുകയും അടിക്കുകയും ചെയ്യുമെന്ന് പറഞ്ഞ് ഇവർക്ക് വോട്ടർമാരെ സമീപിക്കാമോ സർ? എങ്കിൽ 250 രൂപാ അവർക്ക് തിരിച്ചു വാങ്ങിക്കാൻ കഴിയുകയില്ല. കേരളത്തിലെ ജനങ്ങൾ അത്രമാത്രം പ്രബുദ്ധരാണ്. അവർ ചില പ്രത്യേകസാഹചര്യത്തിൽ ഇവരെ തെരഞ്ഞെടുത്തുഎന്നുള്ളതാണ് ശരി. ഈ നിയമസഭയിലേക്ക് തെരഞ്ഞെടുത്ത ആളുകൾ ഒരിക്കലും ഇങ്ങനെ സി. ബി. സി.കളും ഇമ്പിച്ചിക്കളും ആയി മാറുമെന്ന് ഇവരെ തെരഞ്ഞെടുത്ത ആളുകൾ പ്രതീക്ഷിച്ചിരുന്നില്ല. സർ. ഏതായാലും ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇത് ഒരു ഒറപ്പെട്ട സംഭവമല്ല. സഭയ്ക്ക് പുറത്ത് പലതും നടന്നു. സഭയ്ക്കകത്തും പലതും നടന്നു. സഭയ്ക്ക് അകത്തുവരുന്ന ആളുകൾക്ക് ചില പരിരക്ഷ ഉണ്ടെന്നുള്ളതു വ്യക്തമാണ്. എം. എൽ. എ. മാർക്കെല്ലാം ചില പരിരക്ഷകളുണ്ട്. ഇന്നലെ ഒരു പുതിയ അനുഭവം ഉണ്ടായി. ഇവിടെ വന്ന് സ്വതന്ത്രമായി അഭിപ്രായം പ്രകടിപ്പിക്കുമ്പോൾ അങ്ങനെ അഭിപ്രായം പ്രകടിപ്പിക്കുന്നവർക്ക് തിരിച്ചുപോകാൻ സാധിക്കുമോയെന്ന് ഭയപ്പെടേണ്ട ഒരു സാഹചര്യം വന്നിട്ടുണ്ട്. എന്നെസംബന്ധിച്ചിടത്തോളം തിരിച്ചുപോയില്ലെങ്കിലും പറയാനുള്ളതു പറയുമെന്നുള്ളകാര്യത്തിൽ അശേഷം സംശയമില്ല. ഇങ്ങോട്ടുവരുമ്പോൾ ഇന്നസമയത്തു തിരിച്ച് എത്തും. ഇത്രകാലംജീവിച്ചുകൊള്ളാം എന്നൊന്നും ആരോടും കരാറേറ്റിട്ടില്ലാത്തതുകൊണ്ട് ഇത്തരം അഴിമതികളെ ചെറുക്കുന്ന കാര്യത്തിൽ, യാതൊരു കലവറയും കൂടാതെ ചെറുക്കുന്ന കാര്യത്തിൽ ഒരിക്കലും ഭയപ്പെടുമെന്നു ഈ ഭീരുക്കൾ വിചാരിക്കരുതെന്നുമാത്രമേ എനിക്കു പറയാനുള്ളു. പക്ഷേ, ഇതിനെ യാതൊരു കാരണവശാലും അനുകൂലിക്കാൻ സാധ്യമല്ല. ഈ രാജ്യത്തു ജനാധിപത്യം പുലരണമെന്നും പാർലമെന്ററി ഡമോക്രസി നിലനിൽക്കണമെന്നും ആഗ്രഹിക്കുന്നവരാണ് നാം. ശ്രീമാൻ എം. എൻ. ഗോവിന്ദൻ നായർ ചൂണ്ടിക്കാണിച്ചതുപോലെ ജൻമിത്വം അവസാനിപ്പിക്കുന്നതിനും മുതലാളിത്തം അവസാനിപ്പിക്കുന്നതിനും എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

പിൻതിരിപ്പൻ ശക്തികളെയും നശിപ്പിക്കുകയും കഴുത്തറുക്കുകയും രക്തം കുടിക്കുകയും ചെയ്യണമെന്നില്ല. അതെല്ലാം പാർലമെൻറിലുടെയും നിയമ സഭയിലുടെയും സാധിച്ചെടുക്കാൻ സാധിക്കുമെന്നു നാം അനുദിനം കണ്ടു കൊണ്ടിരിക്കുന്ന ഈ കാലയളവിൽ, ഇവയ്ക്കെല്ലാം ആവശ്യമായ മാറ്റം വരുത്താൻ സാധിക്കുമെന്നു തെളിയിക്കപ്പെട്ടിരിക്കുന്ന ഈ അവസരത്തിൽ കേരളത്തിലെ അനേക ലക്ഷം ജനങ്ങളുടെ ആശാകേന്ദ്രമായ ജനാധിപത്യത്തെ എതിർക്കാൻ മുന്നോട്ടുവരുന്ന ശക്തികളെ തുടച്ചുനീക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കാൻ ഈ സഭ മടികാണിക്കരുതെന്നും അതിനുവേണ്ടി ധീരമായ നടപടികളും സ്വീകരിക്കണമെന്നും അങ്ങയോട് ഞാൻ അഭ്യർത്ഥിക്കുന്നു. എന്റെ ഒരു സഹോദരനായ മർദ്ദനമേറ്റ ഇവിടത്തെ ജീവനക്കാരൻ ഒരു എം. എൽ. എ. അല്ല മൂന്നു നാലു എം. എൽ. എ. ഒക്കെ വന്നാലും അവരെയെല്ലാം ഒരുമിച്ചു ഭംഗിയായി കൈകാര്യംചെയ്യാൻ കഴിവുള്ളവനാണ്. നമ്മുടെ ഭാരതത്തിന്റെ അതിർത്തിയിൽപോയി ഇൻഡ്യയുടെ ശത്രുക്കളെ ധീരപൂർവ്വം കൊന്നൊടുക്കി വീരചക്രം വാങ്ങിച്ച വീരദേശാഭിമാനിയാണു സാർ ഈ കീഴ്ജീവനക്കാരൻ. കർത്തവ്യബോധമില്ലായിരുന്നെങ്കിൽ ഇവരെയെല്ലാം പപ്പടംപോലെ പൊടിക്കാൻ കഴിയുന്ന കീഴ്ജീവനക്കാരനാണു സർ. ആ ഉദ്യോഗസ്ഥന്റെ ചുമതലാബോധമെങ്കിലും ഇവർക്ക് ഇല്ലാതെപോയതിൽ ഞാൻ വീണ്ടും വീണ്ടും ലജ്ജിക്കുകയാണ് സർ. അങ്ങനെയുള്ള ഒരു സ്ഥിതിവിശേഷം കണക്കിലെടുത്തുകൊണ്ടു പ്രത്യേകം ഒരു കമ്മിറ്റിയെ അങ്ങു നിയമിക്കുകയും ഇന്നലെ നടന്നസംഭവത്തെക്കുറിച്ച് പ്രത്യേകം പഠിക്കുകയും സംഭവങ്ങളും തെളിയിക്കുകയും ചെയ്യണം. ഈ വകകാര്യങ്ങളും പ്രത്യേകം കണക്കിലെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ പ്രസംഗം ഉപസംഹരിക്കുകയാണ്.

ഡാ. ജോർജ് തോമസ്: സർ, ബഹുമാനപ്പെട്ട സഭാനേതാവു അവതരിപ്പിച്ച പ്രമേയത്തെ ഞാൻ സർവ്വാത്മനാ പിൻതാങ്ങുന്നു. സർ, ഇന്നലെ ഇവിടെ നടന്ന സംഭവങ്ങളെ, എടുത്തുപറയാൻ ഞാനാഗ്രഹിക്കുന്നില്ല. സ്വന്തം ജീവൻ അപകടത്തിലാണോ എന്നു ശങ്കിച്ചുകൊണ്ട് ഈ സഭയിൽ അദ്ധ്യക്ഷം വഹിക്കേണ്ട നിർഭാഗ്യം അങ്ങയ്ക്ക് ഇന്നലെ ഉണ്ടായി. ഇന്നലെ അങ്ങയ്ക്കുണ്ടായ മനക്ലേശത്തിലും വികാരവിക്ഷോഭങ്ങളിലും ഈ സഭയുടെ എല്ലാ ഭാഗത്തുമുള്ള ആളുകളും അനുതാപം പ്രകടിപ്പിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുകയാണ്.

സർ, ജനാധിപത്യക്രമത്തിൽ ഒരു കക്ഷി ഒരു സമയം ഭരണത്തിലിരിക്കും മറ്റൊരു സമയം പ്രതിപക്ഷത്തിരിക്കും. പക്ഷേ ഒരു കക്ഷി പ്രതിപക്ഷത്തായികഴിഞ്ഞാൽ ഈ നിലയിലാണ് ഒരു നിയമസഭയിൽ പ്രവർത്തിക്കുന്നതെന്ന് ഇതിനുമുമ്പ് ഞാൻ മനസ്സിലാക്കിയിട്ടില്ല. സർ, എന്റെസ്നേഹിതൻ പറഞ്ഞതുപോലെ ഇത് കേവലം ഒറ്റപ്പെട്ട സംഭവമായിട്ടോ അവസാനത്തെ സംഭവമായിട്ടോ കരുതാൻ എനിക്കു സാധ്യമല്ല. ഞാൻ കരുതുന്നത് ഇന്നലെ ഈ നിയമസഭയിൽ മാർക്സിസ്റ്റു് കമ്യൂണിസ്റ്റ് പാർട്ടി അഴിച്ചുവിട്ട അക്രമം ഇനിമേലും നിയമസഭയിൽ അഴിച്ചുവിടാനുള്ള അക്രമങ്ങളുടെ നാന്ദിമാത്രമാണെന്നാണ്. അതല്ലാതെ കേവലം താൽക്കാലികമായ ഒരു സംഭവത്തിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായ ചില വികാരങ്ങളും പ്രകടിപ്പിക്കുകയായിരുന്നു അവർ എന്ന് ഞാൻ കരുതുന്നില്ല. വളരെ ആലോചിച്ചതിനുശേഷം തയ്യാറാക്കിയ ഒരു പരിപാടിയുടെ ആദ്യപടിയെന്നുള്ള നിലയിൽ ഇന്നലെ ഈ നിയമസഭയെ റാൻസം എന്നുള്ള നിലയിൽ അവർ കൈയിലെടുത്തുകൊണ്ട് പോവുകയായിരുന്നു. സർ, അത് കേരളത്തിലെ ജനാധിപത്യവാദികളും ചെറുക്കേണ്ടതാണ്. ഈ സഭയ്ക്കു പ്രതിഷേധമുണ്ട്, അതിനെ അപലപിക്കേണ്ടത് ആവശ്യമാണ്. അതോടൊപ്പംതന്നെ ഒരുകാര്യം എനിക്ക് അനുസ്മരിപ്പിക്കാനുള്ളത് ഈ രാജ്യത്തെ ജനാധിപത്യവിശ്വാസികളുടെ മനഃസാക്ഷിയെ തട്ടിയുണർത്താൻ ഈ സംഭവ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിൽ ഈ സംഭവത്തിൽ ഞാൻ അല്പവും ഖേദിക്കുന്നില്ല. ശ്രീമാൻ ടി. കെ. ദിവാകരന് പറഞ്ഞതുപോലെ 1967 ലേയ്ക്ക് അവർക്കു മടങ്ങിപോകാൻ സാധിക്കുകയില്ലെന്നുള്ള ഒരു മുന്നറിയിപ്പും കേരളത്തിലെ ജനങ്ങൾക്ക് ഒരു വാഗ്ദാനവുമാണ് ഇതെന്നു വരികിൽ ഈ സംഭവത്തെ അപലപിക്കുന്നതോടൊപ്പം സ്വാഗതംചെയ്യുന്നു എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. സർ, അങ്ങയെ ആരോഗ്യവാനായി ഇന്ന് ഈ നിയമസഭയിൽ കാണുന്നതിൽ ഞാൻ അങ്ങയെ അനുമോദിക്കുന്നു.

ഒരുകാര്യംകൂടി പറയാതെ എനിക്ക് അവസാനിപ്പിക്കാൻ സാധ്യമല്ല സർ. ഇന്നലെ ഇവിടെ ഒരു കീഴ്ജീവനക്കാരനുണ്ടായ അനുഭവം. ഞാൻ ഈ സംഭവത്തെപ്പറ്റി ആലോചിച്ചപ്പോൾ എന്റെ ആ സ്നേഹിതൻ രാഷ്ട്രീയപാർട്ടിയിൽ അംഗമായിരുന്നെങ്കിൽ സ്വന്തഅവകാശത്തിൽ അവർക്ക് സ്ഥാനാർത്ഥിയാകാമെങ്കിൽ ഒരുപക്ഷെ ഞങ്ങൾ ഇരിക്കുന്ന ചില സീറ്റുകളിൽ ഇരിക്കാൻ അർഹതയുള്ള ആളാണ് അയാൾ. അങ്ങനെയുള്ള ആളുകളെയാണ്, അങ്ങനെയുള്ള പൗരൻമാരെയാണ് ഇൻഡ്യൻ ഭരണഘടനനൽകിയ അവകാശത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് കൈയ്യേറ്റം ചെയ്യാൻ ജനപ്രതിനിധികൾ ശ്രമിച്ചതെന്ന് ഓർക്കുമ്പോൾ അത് ഏതു ഭാഷയിൽ അപലപിക്കണമെന്ന് എനിക്ക് അറിഞ്ഞുകൂടാ. ആ സ്നേഹിതനോട്, അവരുടെ വികാരങ്ങളോട് ഞാനും എന്റെ പാർട്ടിയും മുഴുവനായി പങ്കുചേരുന്നു എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്.

Shri M.P. Kunikullaya: Sir, I stand here to support the motion brought by the Leader of the House, on behalf of myself and on behalf of the member from Manjeshwar and my party and my people. Sir, what we have been witnessing here in this House since January 9 has really forced us all to put down our heads in shame. I will not be wrong in quoting the words of the poet "Oh what a fall, my country men". What are we witnessing here ? Yesterday we have witnessed its climax. It may be said that yesterday was the dooms day of democracy, discipline, dignity, decorum and decency. Sir, this Assembly is considered to be the sanctum sanctorum of the deity of democracy. Here an attempt was made to desecrate that deity and pollute that sanctum sanctorum. Sir, there is a tendency to destroy democracy. There has been a degeneration in discipline, a deterioration in democracy, and demolition of dignity. Are we to tolerate this? Are we to allow this to continue? It may be that this is the result of the disappointment, discontent, demoralisation, dissatisfaction that has set in the rank and file of the mighty Marxist party because of their recent loss of power. Their lustful power has not ended. It has induced them to give a call to the people to create chaos and confusion, a call to the people to break the law, to take the law into their own hands. These may be for certain purposes but it is by making innocent people and blind followers martyrs, thereby to substantiate their contention that whenever police interfere to protect life and property, there have been police excesses. They want the people to be discontented and lose faith in democracy, I am ashamed to say that people who have come to this Assembly through democratic means should now attempt to cut their own roots. They have been protesting against the C. R. P., coming here to protect life and property. After all, we are a dependent State of the Indian Union. What is wrong in it? We are seeking the Centre's help to protect life and property and to absent the borders. People who

LIBRARY ARCHIVES Kerala Legislative Assembly

justify the invasion of the Russian Army of the independent countries like Czechoslovakia—have they the face to protest against this State asking for summoning the help of the C. R. P.? I say there is more justification for this State asking the Centre to send the C. R. P. to protect the life and property of the people here. The scenes that we have been witnessing were such as to cause the rising of the brow of any reasonable man, of any lover of democracy. This has to be condemned and condemned in the strongest possible terms. It should not be allowed to happen again. Early steps should be taken to avert it. If innocent people, if the staff of the Legislature Secretariat, and the officers who have been appointed to protect the Honourable Members and the Speaker are to be assaulted, if they are to be harassed, if they are to be harmed, where is then security here? I would request the Speaker and the Government to take stringent steps to see that history does not repeat itself here.

ശ്രീ. ബേബിജോൺ: സർ, സഭാനേതാവ് ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. അതോടൊപ്പം തന്നെ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ പ്രകടിപ്പിച്ച വികാരങ്ങളോടും താൻ യോജിക്കുകയാണ്. സർ, ബൂർഷ്വാസംവിധാനത്തിൽ വിശ്വാസമില്ലാത്തവർ കാണും. പാർലമെന്ററി ജനാധിപത്യത്തിൽ വിശ്വാസമുള്ളവരും ഇല്ലാത്തവരും കാണും. ജനകീയജനാധിപത്യത്തിൽ വിശ്വാസമുള്ളവരും ഇല്ലാത്തവരും കാണും. തൊഴിലാളിവർഗ്ഗ ജനാധിപത്യത്തിൽ വിശ്വാസമുള്ളവരും ഇല്ലാത്തവരും കാണും. അങ്ങനെ ഓരോരുത്തരുടെയും ആശയ്ക്കനുസരണമായി പ്രവർത്തിക്കുകയും ചെയ്യും. പക്ഷേ ഈ എല്ലാ ജനാധിപത്യത്തിനും പൊതുവായി കാത്തുസൂക്ഷിക്കേണ്ട ചില മൂല്യങ്ങളുണ്ട്. ആ മൂല്യങ്ങളും പൊതുവായിട്ടുള്ളതാണ്. അതു കാത്തുസൂക്ഷിച്ചോ എന്നുള്ളത് ആണ് ഇന്നലത്തെ സംഭവത്തെസംബന്ധിച്ച് പ്രത്യേകമായി എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഇന്നലെ നടന്ന നിർഭാഗ്യകരമായ സംഭവങ്ങളും വിവരിക്കാൻ ഞാൻ ഒരുങ്ങുന്നില്ല. സർ, നിയമസഭാംഗങ്ങൾക്ക് ചില പ്രത്യേക അവകാശങ്ങളും ചില പ്രത്യേക ആനുകൂല്യങ്ങളുമുണ്ട്. പല ബഹുമാനപ്പെട്ട അംഗങ്ങളും ചൂണ്ടിക്കാണിച്ചതു പോലെ അതു ചില പ്രത്യേക ഉദ്ദേശത്തോടുകൂടി. നിയമസഭാംഗങ്ങൾ എന്നുവരുമ്പോഴേക്ക് അവരിലുണ്ടാകുന്ന ഉത്തരവാദിത്വവും ചുമതലയും നിർവ്വഹിക്കുന്നതിന് ചില സംരക്ഷണങ്ങളും ചില പ്രത്യേക അവകാശങ്ങളും ആവശ്യമാണെന്ന് തോന്നിയതിന്റെ ഫലമായിട്ടാണ് ആ സംരക്ഷണവ്യവസ്ഥകൾ നമ്മുടെ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സർ, എന്താണ് ആ പ്രത്യേക അവകാശം കൊണ്ടുദ്ദേശിക്കുന്നത്? നിയമസഭയിൽ വന്നാൽ നിയമസഭാനടപടിക്രമങ്ങളിൽ ജനങ്ങൾക്ക് ആവശ്യമെന്നു തോന്നുന്ന കാര്യങ്ങൾ ഉന്നയിക്കുക; അതിനുള്ള സംരക്ഷണം നൽകുക. നിയമസഭയുടെ നടപടിക്രമങ്ങളിലും പ്രവർത്തനങ്ങളിലും സ്വതന്ത്രമായ അഭിപ്രായപ്രകടനം നടത്താനാണ് പ്രധാനമായും ഈ സംരക്ഷണം കൊണ്ടുദ്ദേശിച്ചിരിക്കുന്നത്. സർ, പുലഭ്യം പറയാൻ ഈ സംരക്ഷണം അനുവാദം നൽകുന്നുണ്ടോ? എന്തു തോന്ന്യാസവും ആരെയും പറയാമെന്ന് ഈ സംരക്ഷണം കൊണ്ട് അവകാശം ലഭിക്കുന്നുണ്ടോ സർ? ഈ നിയമസഭ തുടങ്ങിയ ദിവസം മുതൽ എന്തൊക്കെയാണു സർ ഇവിടെ നടന്നത്? അതാവർത്തിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. പ്രത്യേക ഉദ്ദേശത്തോടുകൂടി നിയമസഭ തുടങ്ങുന്നതിനുമുൻപ് പ്രതിപക്ഷനേതാവ് ബഹുമാനപ്പെട്ട ഇ. എം. എസ്. നമ്പൂതിരിപ്പാട് പറഞ്ഞു കേരളം കണ്ടിട്ടില്ലാത്ത രീതിയിൽ പലതും ഈ നിയ

12 NOON

LIBRARY ARCHIVES Kerala Legislative Assembly

മസഭ കാണുമെന്ന്. അദ്ദേഹം വാസ്തവത്തിൽ അദ്ദേഹത്തിന്റെ പ്രഖ്യാപനം നടപ്പിലാക്കാൻ ശ്രമിച്ചു. കേരളം കണ്ടിട്ടില്ലാത്ത കൂക്കുവിളി, കൈയടി, പാട്ടുകൾ ഡാൻസ്, പിന്നീട് ബഹുമാനപ്പെട്ട അങ്ങയുടെ നേർക്കുള്ള കൈയേറ്റ ശ്രമം പാവപ്പെട്ട ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെമേലുള്ള ആക്രമം, പകരം തല്ലുകയില്ലെന്നു ഉത്തമവിശ്വാസമുള്ളതുകൊണ്ടുമാത്രം ഉള്ള കൈയേറ്റം. ഒരു സർക്കാർ ഉദ്യോഗസ്ഥൻ, അങ്ങയുടെ അംഗരക്ഷകനായി വന്ന ഒരാൾ എന്തോ സംഭ്രമജനകമായ സംഭവം നടന്നു എന്നു വിചാരിച്ച് എന്തെന്നറിയാനായി അങ്ങയുടെ പ്രൈവറ്റ് സെക്രട്ടറിയുമായി ആലോചിക്കാൻ വന്ന പാവപ്പെട്ട ഒരാളുടെമേൽ നടത്തിയ ആക്രമണം. ഇതൊക്കെയാണോ സർ, സംരക്ഷണം? നിയമസഭാംഗങ്ങൾക്കുള്ള പ്രത്യേകമായ സംരക്ഷണവും അവകാശവും ഇതൊക്കെയാണോ എന്നാണ് ഞാൻ ചോദിക്കുന്നത്. അല്ല. ഇത് ദുരുപയോഗപ്പെടുത്തുകയാണ്. ഭീരുക്കളെപ്പോലെ നിയമസഭാംഗമെന്നുള്ള നിലയിൽ ഒരു അംഗത്തിനു ലഭിക്കുന്ന അവകാശം ദുരുപയോഗപ്പെടുത്തുകയാണ്. ഈ സംരക്ഷണം ഇല്ലായിരുന്നുവെങ്കിൽ ഒരുപക്ഷേ ഇവിടെ നടന്നത് പലതും നടക്കാതിരിക്കുമായിരുന്നു. കഴിഞ്ഞ കുറെ നാളുകളായി ഒന്നിലധികം പ്രാവശ്യം ഈ നിയമസഭയിൽ അംഗമാകാൻ ഇടയായ എനിക്ക് ഇന്നലെ നടന്ന സംഭവത്തിൽ ഖേദമുണ്ട് സർ. സാധാരണഗതിയിൽ പ്രവർത്തിക്കാത്തതൊക്കെ പ്രവർത്തിക്കാൻ നിർബന്ധിതനായിപ്പോയി. എനിക്ക് അതിൽ ഖേദമുണ്ടു സർ. പക്ഷേ ചിലർക്ക് ചില ഭാഷയേ മനസ്സിലാകൂ എന്നു വന്നാൽ ആ ഭാഷ അവരെ പഠിപ്പിക്കുകയും അവരെ മനസ്സിലാക്കിക്കുകയും ചെയ്തില്ലെങ്കിൽ ഇതു തുടർന്നുപോകും. ചിലർക്ക് ചിലതേ മനസ്സിലാകൂ. അതല്ലാതെ എന്തു വേദമോതിയാലും അതു മനസ്സിലാകുകയില്ല എന്നു് വരികയാണെങ്കിൽ ദുരഭിമാനത്തിന്റെ പേരിലായാലും അഭിമാനത്തിന്റെ പേരിലായാലും എത്രനേരം ഇതു കേട്ടുകൊണ്ടിരിക്കാൻ കഴിയും? നിയമസഭാംഗമായിപ്പോയി എന്നുള്ളതുകൊണ്ട് ഒരുത്തന്റെ അച്ഛനെ കേറ്റംക്കേണ്ടി വരികയാണെങ്കിൽ ഒരുത്തന്റെ അമ്മയുടെ പാതിവ്രത്യത്തെപ്പറ്റി കേറ്റംക്കേണ്ടി വരികയാണെങ്കിൽ—തീർച്ചയായും ഒരു നിയമസഭാംഗത്തിനുള്ള സംരക്ഷണത്തിനുള്ളിൽ നിന്നുകൊണ്ടല്ലെങ്കിൽ അതു പറയുകയില്ല സർ. അത് ആ ഭാഷയിൽ, മനസ്സിലാക്കേണ്ട രീതിയിൽ പഠിപ്പിച്ചില്ലെങ്കിൽ, അതിനു മറുപടി പറഞ്ഞില്ലെങ്കിൽ ഇത് വീണ്ടും ആവർത്തിക്കപ്പെട മെന്നുള്ളതുകൊണ്ട് ആണ് ഹൃദയവേദനയോടുകൂടിയാണെങ്കിലും ഇന്നലെ ഞാൻ അത് പറയാൻ ഇടയായത്. ഞാൻ അതിൽ ഖേദം പ്രകടിപ്പിക്കുകയാണ്. പക്ഷേ ഈ രീതിയിലുള്ള സംഭവങ്ങൾ നടക്കുന്നത് ഖേദകരമാണ്, അതു തടയേണ്ടതാണ്. എങ്ങനെ തടയണം എന്നുള്ളതിനെക്കുറിച്ച് ആലോചിക്കുന്നതിനായിട്ടും ഇന്നലെ നടന്ന സംഭവങ്ങളെക്കുറിച്ചന്വേഷിക്കുന്നതിനായിട്ടും ഒരു കമ്മിറ്റി വേണമെന്ന സഭാനേതാവിന്റെ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. പല ബഹുമാനപ്പെട്ട അംഗങ്ങളും കക്ഷിനേതാക്കൻമാരും അതിനോട് യോജിക്കുകയാണ് എനിക്കും അതിനോട് യോജിപ്പാണുള്ളത്. അതുകൊള്ളാം—പക്ഷേ ഞാൻ ആ കാര്യത്തിൽ അത്രത്തോളം ശുഭാപ്തിവിശ്വാസമുള്ളവനല്ല സർ. കാരണം കരുതിക്കൂട്ടി ഒരു പരിപാടി നടപ്പിലാക്കാൻ വരുന്ന ആളുകൾ തീർച്ചയായിട്ടും ആ പരിപാടി നടപ്പിലാക്കാൻ ശ്രമിക്കും. പുറത്തുനിന്നുള്ള സമരം നിയമസഭയ്ക്കകത്തയ്ക്കു കൊണ്ടുവന്നു സർ, ഞാൻ നീട്ടുന്നില്ല. ഭരണകക്ഷിയും പ്രതിപക്ഷകക്ഷിയുംആയി ചിലപ്പോഴൊക്കെ അഭിപ്രായസംഘട്ടനങ്ങളുണ്ടാകും. അതു നമുക്കു മനസ്സിലാക്കാം. വികാരങ്ങൾ പ്രകടിപ്പിക്കുമ്പോൾ അതിനുള്ള മാർഗ്ഗം സ്വീകരിക്കുമ്പോൾ ചിലപ്പോഴൊക്കെ വഴിവിട്ടുപോലും അഭിപ്രായസംഘട്ടനങ്ങൾ ഉണ്ടാകാം. അങ്ങ് ഈ സഭയെ നിയന്ത്രിക്കുന്ന ആൾ, ഈ സഭയുടെ നേതാവാണ്. അങ്ങ് സമചി

LIBRARY ARCHIVES Kerala Legislative Assembly

ത്തതയോടുകൂടി, സമാധാനത്തോടുകൂടി, സ്നേഹവാൽസല്യത്തോടുകൂടി ഈ സഭാനേതാക്കളെ നിയന്ത്രിക്കാൻ ശ്രമിച്ച പ്രവൃത്തിക്കാണോ ഈ ആളുകൾ അങ്ങയുടെ ഇരിപ്പിടത്തിലേക്ക് വന്നത്? ഈ നിയമസഭാറിക്കാർഡുകൾ വലിച്ചുകീറിയത്? ഇതാണോ സർ, വിപ്ലവം? ബൂർഷ്വാ ജനാധിപത്യത്തെക്കുറിച്ചുള്ള മതിപ്പ് കുറയ്ക്കാനാണ് ഇത് ചെയ്തതെന്ന് അവകാശപ്പെടുന്നുണ്ടോ? അങ്ങനെയാണെങ്കിൽ ഇതാണോ അതിനുള്ള മാർഗ്ഗം? ഒരു സഭാനേതാവ് വളരെ സ്നേഹവാൽസല്യത്തോടുകൂടി അംഗങ്ങളോടു പെരുമാറുന്നു. പലപ്പോഴും പ്രതിപക്ഷത്തിന് നടപടിച്ചട്ടങ്ങളെക്കൂടി അതിലംഘിച്ചുകൊണ്ട് അവരുടെ അഭിപ്രായങ്ങളും വികാരങ്ങളും പ്രകടിപ്പിക്കാൻ അവസരംനൽകുന്ന അങ്ങയുടെ നേർക്ക് ആണ് കൈയേറ്റത്തിനു മുതിരുന്നത്. അതുപോലെതന്നെ സഭാനേതാവ് പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാൻ യോജിക്കുകയാണ്. അതുപോലെതന്നെ കീഴ്ജീവനക്കാർ അവരുടെ കൃത്യനിർവ്വഹണത്തിനുവേണ്ടിയുള്ള പരിശ്രമത്തിൽ ആ ആളുകളുടെമേൽ ദേഹോപദ്രവമേൽപിക്കാൻ ശ്രമിച്ചത് ലജ്ജാകരമാണു സർ. എത്രകണ്ടു അധിക്ഷേപിച്ചാലും മതിയാകുമോ? പുറത്തുവച്ച് എന്തെങ്കിലും കാരണവശാൽ ഈ കീഴ്ജീവനക്കാരോട് പെരുമാറാൻ പ്രത്യേകമായി സംരക്ഷണമില്ലെങ്കിൽ, പ്രത്യേകമായി അവകാശമില്ലെങ്കിൽ ഈ ആളുകൾ ഈ രീതിയിൽ പെരുമാറാൻ മുതിരുമായിരുന്നോ? അതു വളരെ ഖേദകരമാണ്, പ്രതിഷേധാർഹമാണ്. ഇവിടെ നിലവിലിരിക്കുന്ന ഗവൺമെൻറിനെകൊണ്ട് വെടിവെയ്പ്പും ലാത്തിച്ചാർജും നടത്തിക്കും. അല്ലാതെ ഒറ്റദിവസംപോലും കടന്നുപോകരുതെന്ന പരിപാടി സ്വീകരിച്ചതിൻെറ ഫലമായിട്ട് അതിൻെറ പരിപാടി തെരുവിൽ നിന്നും നിയമസഭയ്ക്കകത്തുകയറി എന്നുമാത്രമല്ല ഇവർ മടങ്ങിപ്പോകുമ്പോൾ ചിലർ ചോദിച്ചേക്കാം, ഞങ്ങൾ അടികൊള്ളുന്നു, ഇവിടെ വെടിവയ്പുനടക്കുന്നു, നിങ്ങൾ നിയമസഭയിൽ പോയിട്ടു എന്തുചെയ്തു എന്ന്. അതിനു മറുപടി പറയണം. ഞങ്ങൾ ഫയൽ വലിച്ചുകീറി സ്പീക്കറുടെ ചേമ്പറിൽ കയറി. അതിനപ്പുറം എന്തു വിപ്ലവം ചെയ്യാൻസാധിക്കും? ഇതുപറഞ്ഞ് മനുഷ്യരെ തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു വിപ്രകിയയ്ക്കപ്പുറം ഞാൻ ഇതിനെ കാണുന്നില്ല. ഈ സംഭവം പ്രതിഷേധാർഹമാണ്, ഖേദകരമാണ്. ഈ സഭ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും പൂർണ്ണമായി യോജിക്കുന്നതോടൊപ്പംതന്നെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെയും സെക്യൂരിറ്റി ഓഫീസറെയും മർദ്ദിച്ചതിൽ സഹതാപം രേഖപ്പെടുത്താനുംകൂടി ഞാനീ അവസരം വിനിയോഗിക്കുകയാണ്.

മി. സ്പീക്കർ: എനിക്കു വളരെയധികം പറയണമെന്നുണ്ടായിരുന്നു. എന്നെപ്പോലെ ഇക്കാര്യത്തെക്കുറിച്ച് പറയേണ്ടവരായി മറ്റാരും ഈ സഭയിൽ ഉണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. പല ബഹുമാനപ്പെട്ട സുഹൃത്തുക്കളും എന്നെപ്പറ്റി സംസാരിച്ച അവസരത്തിൽ എൻെറ ഇത്രയും കാലത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു കുറ്റം എന്നോണം പറഞ്ഞത് ഞാൻ കുറച്ച് കൂടുതൽ വിട്ടുവീഴ്ച കാണിക്കുന്ന ഒരു മനോഭാവക്കാരനാണ് എന്നുള്ളതാണ്. ഈ സന്ദർഭത്തിലും ഈ സഭയുടെ അന്തസ്സിനേയും ഈ സഭയുടെ അന്തസ്സിൽക്കൂടി നമ്മുടെ രാജ്യത്തിൻെറ സൽപ്പേരിനേയും സംബന്ധിക്കുന്ന സുപ്രധാനമായ ഈ പ്രമേയം ഇവിടെ കൊണ്ടുവന്നിരിക്കുമ്പോഴും അങ്ങനെ ഒരു വിട്ടുവീഴ്ചയും ചെയ്യണ്ട ആവശ്യമില്ലാതെ വേണമെങ്കിൽ സംസാരിക്കാമെങ്കിലും ഈ സന്ദർഭത്തിലും ഞാൻ ഒരു വിട്ടുവീഴ്ച ചെയ്യണമെന്ന് ആഗ്രഹിക്കുകയാണ് ഞാൻ ഈ സഭയുടെ നാഥൻ എന്നുള്ള നിലയിൽ ഇവിടത്തെ ഭരണകക്ഷിയേയും പ്രതിപക്ഷത്തേയും ഒരുപോലെ പ്രതിനിധാനം ചെയ്യുന്ന ആളാണ്. ഈ സഭയിൽ നിരൂപണ വിധേയമായ പ്രതിപക്ഷം ഇന്നിവിടെ ഇല്ല. പ്രതിപക്ഷ നേതാവും ഇല്ല. അവർക്കുവേണ്ടിപറയാനും ആരും ഇല്ല. ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

യൊരു സ്ഥിതിവിശേഷം ഉണ്ടായതു എന്തുകൊണ്ടാണെന്നുള്ള രംഗങ്ങളിലേയ്ക്ക് കടക്കുന്നില്ല. എങ്കിലും അവർ ഇവിടെ ഇല്ലാത്ത അവസരത്തിൽ അവരെ കൂടി പ്രതിനിധീകരിക്കുന്ന ഒരാളാണ് എന്നതുകൊണ്ട് ഞാൻ ഈ വിവാദപരമായ കാര്യങ്ങളെ സംബന്ധിച്ച് ഒന്നും തന്നെ പറയാൻ ആഗ്രഹിക്കുന്നില്ല.

ഒരു കാര്യംമാത്രം പറയുവാൻ ഞാനാഗ്രഹിക്കുന്നു. നമ്മുടെ നിയമസഭയുടെ കഴിഞ്ഞ കാലചരിത്രം എടുത്തുനോക്കിയാൽ നമ്മുടെ നിയമസഭ ഉന്നതനിലവാരം പുലർത്തിയിരുന്നു, നമ്മുടെ കൊടി ഉച്ചത്തിൽതന്നെ പാറിയിരുന്നു എന്നു കാണാവുന്നതാണ്. കേരള നിയമസഭയുടെ സ്പീക്കർ എന്ന നിലയിൽ നമ്മുടെ പ്രശസ്തി മറ്റു നിയമസഭാ വേദികളിലും നിയമസഭാദ്ധ്യക്ഷൻമാരുടെ വേദിയിലും എനിക്കു പരത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. ഇതു ഞാൻ മാത്രമായിരുന്നുവെന്നു ഞാൻ പറയുന്നില്ല, ബഹുമാന്യരായ എന്റെ മുൻഗാമികളും അതിനുവേണ്ടി പ്രശമിച്ചിരുന്നുവെന്നും പ്രസ്താവിച്ചു കൊള്ളട്ടെ. അതിനുകാരണം ഈ രാജ്യത്തെ സംസ്ക്കാര സമ്പന്നരായ ജനസഞ്ചയം ഈ നിയമസഭയിലേക്ക് തെരഞ്ഞെടുത്തയച്ച നിയമസഭാംഗങ്ങളുടെ മഹത്വവും മേൻമയും ആണെന്നു ഞാൻ വിശ്വസിക്കുകയാണ്. ഇന്നും അങ്ങനെതന്നെ തുടരുകയാണെന്നും ഞാൻ വിശ്വസിക്കുന്നു. കഴിഞ്ഞ നിയമസഭാദ്ധ്യക്ഷൻമാരുടെ സമ്മേളനത്തിൽ പോയപ്പോഴും കേരള നിയമസഭയിലെ സ്പീക്കർക്കുകിട്ടിയ സ്വീകരണങ്ങളും അതുപോലെതന്നെ മുമ്പത്തെ സമ്മേളനത്തിൽ പോയപ്പോഴും കിട്ടിയ സ്വീകരണങ്ങളുമൊക്കെ തീർച്ചയായും വളരെയേറെ അഭിമാനകരമാണ്. മറ്റു പല നിയമസഭാദ്ധ്യക്ഷൻമാർക്കും നേടിയെടുക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതു നമ്മുടെ നിയമസഭയുടെ അദ്ധ്യക്ഷൻമാർക്കു നേടിയെടുക്കുവാൻ കഴിഞ്ഞു. അവർ പറഞ്ഞു, നിങ്ങളുടെ സ്റ്റേറ്റിൽ രാഷ്ട്രീയം ഉണ്ട്, വളരെയേറെ രാഷ്ട്രീയ പാർട്ടികളും ഉണ്ട്, രാഷ്ട്രീയ അഭിപ്രായവ്യത്യാസങ്ങളും ഉണ്ട്, തമ്മിലടിക്കുന്ന സാഹചര്യം വളരെയുണ്ട്, നിങ്ങളുടെ നിയമസഭ ഞങ്ങളും വന്നുകണ്ടിട്ടുണ്ട്, ഇത്രവളരെ അന്തസ്സായി നിയമസഭാ നടപടികളും കൈകാര്യം ചെയ്യുന്ന ഒരു സഭ ഞങ്ങൾക്കു വളരെ ദുർലഭമായെ കാണാൻ കഴിഞ്ഞിട്ടുള്ളു എന്ന് അവർ എല്ലാപേരും പറഞ്ഞു. ഇനിയും അവർ അതുതന്നെ പറയുമെന്നുതന്നെ ഞാൻ ഇപ്പോഴും ഇവിടെ ഇല്ലാത്ത പ്രതിപക്ഷത്തേ കൂടി പ്രതിനിധീകരിച്ചു പറയാൻ ആഗ്രഹിക്കുകയാണ്. ഇത്രമാത്രമേ ഞാൻ ഈ സന്ദർഭത്തിൽ പറയാവൂ എന്നുള്ളതുകൊണ്ടു പറയുന്നുള്ളു.

എന്നെ സംബന്ധിച്ചും എന്റെ ദേഹരക്ഷയെ സംബന്ധിച്ചും ഇനി ആരോഗ്യവാനായി ഇവിടെ ഇരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചുമൊക്കെ വളരെ സ്നേഹപൂർവ്വം സഭാ നേതാവും മറ്റുള്ള ആളുകളുമൊക്കെ പറഞ്ഞു. ശ്രീ. കരുണാകരൻ പറഞ്ഞതുപോലെ മനുഷ്യൻ എന്നെങ്കിലും ഒരിക്കൽ മരിക്കണം. നിയമസഭയിൽ വന്നിരുന്നു പാർലമെന്ററി ജനാധിപത്യം സംരക്ഷിക്കുന്ന മഹനീയമായ ചുമതല നിർവഹിക്കുന്ന വേളയിൽ ജീവൻ പോയാൽ അതിനെക്കാൾ വലിയ മോക്ഷം ലോകത്ത് എന്തുണ്ടെന്ന് എനിക്കറിയില്ല. ഏതായാലും ഒരു കാര്യം ഈ സഭയ്ക്ക് ഉറപ്പുനൽകുവാൻ ഞാനാഗ്രഹിക്കുകയാണ്. ഇന്നുവരെ പുലർത്തിപോന്ന ഈ നിയമസഭയുടെ അന്തസ്സും മാന്യതയും ആ രീതിയിൽ തന്നെ തുടർന്നുകൊണ്ടുപോകുന്നതിനു എന്തെല്ലാം ത്യാഗങ്ങൾ സഹിക്കേണ്ടതായിട്ടുണ്ടോ ആ ത്യാഗങ്ങൾ എല്ലാം സഹിക്കുന്നതിനു ബഹുമാനപ്പെട്ട ഈ സഭയുടെ എല്ലാഭാഗത്തുമുള്ള ബഹുമാനപ്പെട്ട മെമ്പറൻമാർ തുടർന്നു പ്രശമിക്കുമെന്നും ഞാൻ അവരുടെ മുൻപന്തിയിൽ നിൽക്കുമെന്നും എനിക്കു തീർച്ചയായും ഉറപ്പു പറയുവാൻ സാധിക്കും. ഇത്രമാത്രമേ ഞാൻ പറയുവാൻ ആഗ്രഹിക്കുന്നുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ഒന്നുരണ്ടു സംഗതികൂടി എനിക്കു പറയേണ്ടിയിരിക്കുന്നു. ഇത്തരം അവസരങ്ങളിൽ ഈയിടെ കുറേ ഈ നിയമസഭയിൽ ഉണ്ടായിട്ടുണ്ട്. അങ്ങനെയൊക്കെ ഉണ്ടാകുമ്പോൾ ചില പ്രകോപനങ്ങൾ വച്ച് ചില രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടിയോ ഒക്കെ അവസരങ്ങൾ ഉപയോഗിച്ചു എന്നും വന്നേക്കും. എന്നിരുന്നാലും പൊതുവായി നമുക്കു പാലിക്കേണ്ട മര്യാദകൾ ഉണ്ട്. ഞാൻ ആരെങ്കിലും മര്യാദകേടു കാണിച്ചുവെന്നു പറയുകയാണെന്നു ധരിക്കരുത്, എന്നിരുന്നാലും ഇവിടെ ഇന്നലെ നിയമസഭാദ്ധ്യക്ഷനെ ആക്രമിക്കുവാനുള്ള പരിശ്രമം നടന്നു എന്നുള്ളതു വസ്തുതയാണ്. ഇവിടെ ഈ മേശപ്പുറത്തിരുന്ന കടലാസുകൾ വലിച്ചുകീറി എറിഞ്ഞു എന്നുള്ളതു വസ്തുതയാണ് ഇവിടെ എന്റെ സംരക്ഷണത്തിനുവേണ്ടി നിന്ന നിയമസഭയുടെ പാവപ്പെട്ട ജോലിക്കാരനു കഠിനമായ മർദ്ദനം ഏൽക്കേണ്ടി വന്നു എന്നുള്ളതു വസ്തുതയാണ്, നാമൊക്കെ കണ്ടതാണ്. അതുപോലെതന്നെ പാവപ്പെട്ട സെക്യൂരിറ്റി ആഫീസർക്കും വളരെ കഠിനമായ മർദ്ദനം ഏൽക്കേണ്ടിവന്നു എന്നുള്ളതും വസ്തുതയാണ്. വസ്തുതകൾ ഇങ്ങനെ ഇരിക്കുമ്പോൾ അതൊന്നും, നടന്നിട്ടില്ല എന്നു വിശ്വസിക്കുന്ന ആളുകൾ കണ്ടേക്കും, വെറും പ്രചരണമാണെന്നു പറയുന്ന ആളുകൾ കണ്ടേക്കും. രാഷ്ട്രീയമായിട്ടു അങ്ങനെയൊക്കെ വേണമെങ്കിൽ വേണം. എനിക്ക് ഇതേപ്പറ്റി അഭിപ്രായമൊന്നും പറയുവാനില്ല.

നിയമസഭാ നേതാവിനും ലീഡർ ഓഫ് ദി ഓപ്പസിഷനും പാർട്ടി നേതാക്കൻമാരിലും ഉപരിയായി ചില ചുമതലകൾ ഉണ്ടെന്നു ഓർക്കേണ്ടതാണ്. ബഹുമാനപ്പെട്ട സഭാ നേതാവ് ശ്രീ. ടി. കെ. ദിവാകരൻ എന്നോടും മർദ്ദനത്തിനു വിധേയരായ ജോലിക്കാരോടും സഹതാപം പ്രകടിപ്പിച്ചു. അതിനപ്പുറം എന്തു പ്രതിവിധിയാണ് ചെയ്യേണ്ടതെന്നുള്ളതിനെ സംബന്ധിച്ചു കഴിഞ്ഞ ദിവസം സഭയിൽ ഉണ്ടായ സംഭവങ്ങളെക്കുറിച്ച് അദ്ദേഹം എന്നോടു സംസാരിച്ചു. ആ രീതിയിൽ 'ഇന്നലെ സ്പീക്കറുടെമേൽ ആക്രമണമോ വല്ലതും ഉണ്ടായോ? ഇങ്ങനെയൊക്കെ പറഞ്ഞു കേൾക്കുന്നുവല്ലോ? എന്ന് ടെലിഫോണിൽ കൂടിയെങ്കിലും ബഹുമാനപ്പെട്ട ലീഡർ ഓഫ് ദി ഓപ്പസിഷനു എന്നോടു ചോദിക്കാമായിരുന്നു. അദ്ദേഹം അദ്ദേഹത്തിന്റെ രാഷ്ട്രീയപാർട്ടിയിലെ നേതാവായിരിക്കേ ആ നിലയ്ക്ക് അദ്ദേഹത്തിന് ആ പാർട്ടിയുടെ അഭിപ്രായം അനുസരിച്ചു പലതും ചെയ്യേണ്ടിവന്നേക്കും. അതിനൊക്കെ അപ്പുറത്ത് ഈ നിയമസഭയിലെ പ്രതിപക്ഷ നേതാവ് എന്നുള്ള നിലയിൽ ഈ നിയമസഭയുടെ അന്തസ്സായ പ്രവർത്തനങ്ങൾക്കു വേണ്ടി സ്പീക്കറെ സഹായിക്കുകയും ഇങ്ങനെയുള്ള കാര്യങ്ങൾ വരുമ്പോൾ സ്പീക്കറോടു എന്തു നടന്നുവെന്ന് ആരായുകയും ടെലഫോണിലൂടെയെങ്കിലും ഒന്നു ചോദിക്കുകയും ചെയ്യേണ്ടതായിരുന്നു. അദ്ദേഹം ദീർഘകാലം നിയമസഭാ പരിജ്ഞാനവും അതുപോലെതന്നെ രാഷ്ട്രീയത്തിൽ വളരെയേറെ ഉയർന്നു നിൽക്കുന്ന ആളുമാണ്. മനഃപ്പൂർവ്വം ചെയ്തു എന്ന് ഞാൻ വിചാരിക്കുന്നില്ല. അങ്ങനെയാതൊരു ആരോപണവും വയ്ക്കുന്നില്ല. എനിക്കു വളരെയേറെ ഖേദം ഉണ്ട്. ബഹുമാനപ്പെട്ട കരുണാകരൻ ഈ നിയമസഭയിൽ പ്രതിപക്ഷ നേതാവായി ഇരുന്നിട്ടുണ്ട്. അന്ന് ഇങ്ങനെ പല സാഹചര്യങ്ങളും ഉണ്ടായപ്പോൾ വിളിച്ചു ചോദിക്കുക മാത്രമല്ല, ഞാൻ എന്തെങ്കിലും ചെയ്യേണ്ടതുണ്ടോ എന്ന് ആരാഞ്ഞിട്ടുമുണ്ട്. മറ്റു നിയമസഭകളിലും ഇങ്ങനെയൊക്കെ ചിലതു നടക്കുന്നുണ്ട്. ഇപ്പറഞ്ഞതിൽ പ്രതിപക്ഷനേതാവിന് കുണ്ഠിതം ഉണ്ടാകുകയില്ലെന്നു പ്രതീക്ഷിക്കുകയാണ്. ഏതായാലും കഴിഞ്ഞദിവസം അങ്ങേയറ്റം നാം ആഗ്രഹിക്കാത്ത രീതിയിൽ ചില സംഭവങ്ങൾ നടന്നു. അതിന്റെ ഉത്തരവാദികൾ ആരാണ് എന്നുള്ളതിനെസംബന്ധിച്ച് ഞാൻ ഈ സന്ദർഭത്തിൽ, നേരത്തെ പറഞ്ഞതു

LIBRARY ARCHIVES Kerala Legislative Assembly

പോലെ പ്രതിപക്ഷത്തെ പ്രതിനിധീകരിക്കുന്ന ആളാണ് ഞാൻ എന്നുള്ളതു കൊണ്ട് കുറ്റപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. പക്ഷെ അത് ഇവിടെ നടന്നതെന്നുള്ളത് അറിയേണ്ട ആവശ്യം ഈ നിയമസഭയ്ക്കുണ്ട്. ഈ നിയമസഭയുടെ കഴിഞ്ഞ കാലത്തു നാം ഉയർത്തിപിടിച്ചിട്ടുള്ള അന്തസ്സ് പാലിച്ചുകൊണ്ട് ഈ നിയമസഭയുടെ പ്രവർത്തനം നടത്തണമെന്നുള്ളതു കൊണ്ട്, ഇതേപ്പറ്റി അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ആ അഭിപ്രായം ഇവിടെ പ്രകടിപ്പിച്ച ബഹുമാനപ്പെട്ട പാർട്ടിനേതാക്കൻമാരോട് ഞാൻ യോജിക്കുകയാണ്. ബഹുമാനപ്പെട്ട സഭ അംഗീകരിക്കുകയാണെങ്കിൽ അതിനുവേണ്ടി ഒരു കമ്മിറ്റി നിശ്ചയിക്കാം. I think I have the permission of the house. (The House agreed with the suggestion) പാർട്ടിനേതാക്കൻമാരുംപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ച് ഇവിടെ നടന്ന സംഭവങ്ങളെസംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി പൊതുവിൽ എന്തുനടപടിയെടുക്കണം എന്ന് സഭയ്ക്കു റിപ്പോർട്ടു നൽകുന്നതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിക്കാമെന്നു ഞാൻ നിശ്ചയിക്കുകയാണ്. അവസാനമായി എനിക്കുപറയുവാനുള്ളത് ഈ സഭയിൽ ജോലിയെടുക്കുന്ന നമ്മുടെ ജീവനക്കാരെ സംബന്ധിച്ചാണ്. ലാസ്റ്റ്ഗ്രേഡ് ജീവനക്കാർ മാത്രമല്ല ക്ലാർക്കൻമാരും മാറു പല ഉദ്യോഗസ്ഥൻമാരും ഈ സഭയ്ക്കുവേണ്ടി ജോലി എടുക്കുന്നവരും ഉണ്ട്. വളരെ പ്രശസ്തമായ രീതിയിൽ അർദ്ധരാത്രി മുതൽ കൊച്ചുവെളുപ്പാൻകാലത്തുവരെ ഈ സഭയ്ക്കുവേണ്ടി ജോലിചെയ്യുന്നുണ്ട്. ആ ജീവനക്കാർ അർഹിക്കുന്നരീതിയിൽ ഉള്ള പല കാര്യങ്ങളും നേടിയെടുത്തു കൊടുക്കുവാനുള്ള സൗകര്യം പലപ്പോഴും എനിക്കു ലഭിച്ചിട്ടില്ല. ഈ സന്ദർഭത്തിൽ ഞാൻ ആരേയും കുറ്റപ്പെടുത്തുവാൻ ആഗ്രഹിക്കുന്നില്ല, ഗവൺമെന്റിനെയും കുറ്റപ്പെടുത്തുകയല്ല. ഈ നിയമസഭാ സെക്രട്ടറിയേറ്റിലെ ജീവനക്കാർക്കു ചെയ്തുകൊടുക്കേണ്ട കാര്യങ്ങൾ ചെയ്യാത്തതു എന്റെ കുറ്റം കൊണ്ടല്ല, കൊടുക്കാത്തതു ഫൈനാൻസ് മിനിസ്റ്ററുടെ കുറ്റംകൊണ്ടാണെന്നു ഞാൻ പറയുന്നില്ല. എങ്കിലും എന്തെങ്കിലും ചെയ്തുകൊടുക്കുവാൻ സാധിച്ചിട്ടില്ല. പ്രശസ്ത സേവനമാണ് അവർ ഈ നിയമസഭയിൽ നടത്തിയിട്ടുള്ളത്.

കഴിഞ്ഞ സ്പീക്കേഴ്സ് കാൺഫറൻസിൽ ചർച്ചാ വിഷയമായ പ്രശ്നം യു. പി. നിയമസഭയ്ക്കകത്ത് പോലീസിനെ കയറ്റി എന്നുള്ളതാണ്. നിയമസഭയ്ക്കകത്ത് ഉടുപ്പിട്ട പോലീസിനെ കയറ്റാൻ പാടില്ല എന്നു വളരെ വീറോടുകൂടി വാദിച്ചിട്ടുപോന്ന സ്പീക്കറാണ് നിങ്ങളുടെ സ്പീക്കർ. സെക്യൂരിറ്റി ഗാർഡ്സ് ഏർപ്പെടുത്തണമെന്നതിലും യോജിക്കാതെ, അവർ വേണ്ടാ, ഇവിടുത്തെ ലാസ്റ്റുഗ്രേഡ് ജീവനക്കാർ മതി. പോലീസ് വന്നു നിയമസഭയ്ക്കകത്തിരിക്കുന്ന എം. എൽ. എ. മാരുടെ കൈയ്ക്കും കാലിനും പിടിച്ച് ഇറക്കാൻ പാടില്ല എന്നുവരെ നിയമസഭയുടെ അന്തസ്സ് പാലിക്കാൻ വേണ്ടി വാദിച്ച ആളാണ് ഞാൻ. സെക്യൂരിറ്റി ഗാർഡ്സ് വേണ്ടാ, നമ്മുടെ നിയമസഭാ ലാസ്റ്റ്ഗ്രേഡു ജീവനക്കാർ ഉണ്ട്. അവർ തീർച്ചയായും ഇവിടെ വന്നുനിന്നാൽ സ്പീക്കറെ കൈയ്യേറ്റം ചെയ്യാൻ വരികയില്ല. എന്ന് എന്റെ ശുദ്ധഗതികൊണ്ട് എനിക്കു തോന്നി. ലാസ്റ്റ്ഗ്രേഡു ജീവനക്കാരുമായി നാം എന്നും ഇടപഴകി കഴിയുന്നവരാണ്. സി. ആർ. പിയെപ്പോലെ നാം കണ്ടിട്ടില്ലാത്ത ആളുകളല്ലല്ലോ ? എതായാലും അവർക്ക് ഈ കഷ്ടപ്പാടുണ്ടായി. ഇവിടത്തെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ മാത്രമല്ല, സെക്രട്ടറിയേറ്റിലുള്ള എല്ലാ ലാസ്റ്റു ഗ്രേഡ് ജീവനക്കാരും. അതു മാത്രമല്ല, എതാണ്ട് ഒൻപതു സർവ്വീസ് സംഘടനകളും ഇന്നലെ യോഗം കൂടി ഇവിടെ നടന്ന സംഭവങ്ങളെ ആക്ഷേപിച്ചിരിക്കുകയാണ്. അവർ എന്നോടു ചോദിച്ചു 'ഞങ്ങളെ അടിച്ചാൽ ഞങ്ങൾ എന്തു ചെയ്യണമെന്ന്'. ഇന്നിപ്പോൾ അതുകേട്ടിട്ടു ഞാൻ വരികയാണ്. ഗാന്ധിജിയുടെ ചരമദിനം

LIBRARY ARCHIVES Kerala Legislative Assembly

ആചരിക്കുന്നദിവസമായതുകൊണ്ടു നിങ്ങളെ അടിച്ചാൽ നിങ്ങളം തിരിച്ചടിച്ചു കൊള്ളണമെന്നു പറയുന്നതു ശരിയല്ല എന്നുള്ളതുകൊണ്ടു പറഞ്ഞില്ല. നിങ്ങളുടെ ആത്മരക്ഷ നിങ്ങളംക്കുതന്നെയാണെന്നു എങ്ങനെ പറയാനാണു. എന്റെ കീഴിൽ എനിക്കും നിങ്ങളംക്കും വേണ്ടി ജോലി എടുക്കുന്ന ഈ ജീവനക്കാർ ലാസ്റ്റുഗ്രേഡു മാത്രമല്ല, ഫസ്റ്റുഗ്രേഡു മുതൽ കീഴോട്ടുള്ള സംരക്ഷണം നടത്തേണ്ടതു വലിയ പ്രശ്നമായി നിൽക്കുകയാണു. ഈ സഭയ്ക്കകത്തുവച്ചു് എന്തെങ്കിലും കയ്യേറ്റങ്ങളോ അതുപോലെയുള്ള എന്തെങ്കിലും കാര്യങ്ങളോ ഉണ്ടാകുകയാണെങ്കിൽ അതു നേരത്തെ ബേബിജോൺ പറഞ്ഞതുപോലെ ഒരു പ്രിവിലേജു പ്രശ്നമാണു. വീരചക്രം നേടിയ അബ്ദുൽ റഹിമാൻ കേസു കൊടുക്കുവാൻ തയാറായി ഇരിക്കുകയാണു. സർക്കിൾ ഇൻസ്പെക്ടർ, പെൻഷൻപറ്റാറായ അദ്ദേഹം കേസു് കൊടുക്കുവാൻ അനുവാദം തരുമോ എന്നു ചോദിച്ചു. അങ്ങനെ കൊടുക്കുവാൻ സാധിക്കുമോ എന്നറിയില്ല. സഭയ്ക്കകത്തു നടന്നതായ കാര്യത്തെ സംബന്ധിച്ചു കേസു കൊടുക്കുവാൻ ഇടയായാൽ മോശമായ പാരമ്പര്യം നമ്മുടെ ഈ സഭയെ സംബന്ധിച്ചു നാം സൃഷ്ടിക്കുകയായിരിക്കും ചെയ്യുന്നതെന്നാണു എനിക്കു തോന്നുന്നതു്. നിയമസഭയ്ക്കകത്തു ഗാർഡിനുവേണ്ടി നിന്ന ആളുകളുടെ പുറത്തുകിട്ടിയ ദേഹോപദ്രവം തീർച്ചയായും എന്റെമേൽ കിട്ടിയതാണെന്നു വിശ്വസിക്കുകയാണു. ആ ആളുകൾക്കു കിട്ടിയതു എനിക്കു കിട്ടിയതു് ആണു്, എനിക്കു കിട്ടിയതു് എന്നു വച്ചാൽ സഭയ്ക്കു മുഴുവൻ കിട്ടിയതാണു്. എല്ലാവരും അതു ഓർത്തുകൊള്ളുകയല്ലാതെ വേറെ യാതൊരു നിർവാഹവും ഈ സംഭവത്തിൽ കാണുന്നില്ല. അതു സംബന്ധിച്ചു സമഗ്രമായി ചിന്തിച്ചു പാർട്ടി നേതാക്കൻമാർ അന്വേഷണം നടത്തുന്നതിനു ബഹുമാനപ്പെട്ട സഭാനേതാവും മറ്റെല്ലാവരും കൂടി കമ്മിറ്റി രൂപീകരിച്ചു വേണ്ട അന്വേഷണം നടത്തി റിപ്പോർട്ടു നൽകണം. ഈ സഭയിലെ ഉദ്യോഗസ്ഥൻമാർക്കും ലാസ്റ്റുഗ്രേഡു് ജീവനക്കാർക്കും ഉണ്ടായ ഈ ദുഃഖപ്പിഴയിൽ തീർച്ചയായും മറ്റു് എല്ലാ അംഗങ്ങളോടൊപ്പം പ്രതിപക്ഷത്തിരിക്കുന്ന അംഗങ്ങളുടെ പേരിലും കൂടി എന്റെ നിസ്സീമമായ വ്യസനം രേഖപ്പെടുത്തുകയാണു്. അവർ അടുത്തുവന്നപ്പോൾ ഞാൻ സഭയുടെ പേരിൽ മാപ്പു ചോദിക്കുകയും തൽക്കാലം വേറെ ഒന്നും ചെയ്യാൻ സാധ്യമല്ലെന്നു പറയുകയുമാണു ചെയ്തതു്. എതായാലും എനിക്കുള്ള ദുഃഖം ഞാൻ നിങ്ങളുടെ പേരിൽ പ്രകടിപ്പിക്കുകയാണു്. അതിൽ കൂടുതലായി ഈ സന്ദർഭത്തിൽ ഒന്നും ചെയ്യാൻ നിവൃത്തിയില്ല. ഈ പ്രമേയം പാസ്സാക്കുകയോ പാസ്സാക്കാതിരിക്കുകയോ ചെയ്യുന്നതു സഭയുടെ ഇഷ്ടമാണു്. ഈ പ്രമേയത്തെ സംബന്ധിച്ചു ഞാൻ യാതൊരു അഭിപ്രായവും പറയുന്നില്ല. പ്രതിപക്ഷം അഭിപ്രായം പറയാത്ത സ്ഥിതിക്കു പാസ്സാക്കണമോ എന്നു തീരുമാനിക്കേണ്ടതു സഭയാണു്. അതു് സഭയ്ക്കു വിട്ടിരിക്കുകയാണു്.

ശ്രീ. ബേബിജോൺ: പാസ്സാക്കണം.

The following resolution moved by Shri T. K. Divakaran viz:

''ഈ മാസം 28–ാം തീയതി വ്യാഴാഴ്ച സഭാനടപടികളം നടന്നുകൊണ്ടിരിക്കുമ്പോൾ, കമ്മ്യൂണിസ്റ്റു പാർട്ടി ഓഫു് ഇൻഡ്യാ (മാർക്സിസ്റ്റ്) പാർട്ടിയിൽ പെട്ട ചില നിയമസഭാംഗങ്ങൾ അധ്യക്ഷവേദിയിൽ പ്രവേശിച്ചു് ബഹുമാനപ്പെട്ട സ്പീക്കറെ കൈയേറ്റം ചെയ്യാൻ മുതിരുകയും സഭാനടപടികളം മനഃപൂർവ്വമായും തുടർച്ചയായും പ്രതിബന്ധപ്പെടുത്തുകയും, നിയമസഭാ സെക്രട്ടേറിയറ്റിലും സെക്യൂരിറ്റി സ്റ്റാഫിലും ഉൾപ്പെട്ട ജീവനക്കാരെ ദേഹോപദ്രവം ചെയ്യുകയും നിയമസഭാറിക്കാർഡുകളം നശിപ്പിക്കുകയും ചെയ്ത അക്രമപ്രവർത്തനങ്ങളം ഈ സംസ്ഥാനത്തെ ഏറ്റവും ഉന്നതമായ ജനാധിപത്യസ്ഥാപനത്തോടുള്ള അസഹനീയമായ അവഹേളനമാണെന്നു് ഈ

LIBRARY ARCHIVES Kerala Legislative Assembly

സഭ അഭിപ്രായപ്പെടുകയും ഈ സഭയുടെ അന്തസ്സിനു കളങ്കം ചേർത്ത ഈ സംഭവങ്ങളെ ശക്തിയായി അപലപിക്കുകയും ചെയ്യുന്നു.''

was unanimously adopted.

Mr. Speaker: I think we shall sit for some more time and pass the Debt Relief Bill.

Shri C. H. Mohammed Koya: We shall sit for 15 minutes more.

The Kerala Agriculturists' Debt Relief Bill, 1968

Mr. Speaker: We can take up clause by clause consideration.

Minister for Revenue (**Shri K. T. Jacob**): I move the following amendments:

(1) In clause 2, for the Explanation after sub-clause (1) (iii), the following Explanation shall be substituted, namely:—

"Explanation: Notwithstanding anything contained in the Indian Evidence Act, 1872, where a creditor proves that his debtor is a person assessed to the tax mentioned in sub-clause (i) or sub-clause (ii) or sub-clause (iii) for the period referred to in that sub-clause the burden of proving that such debtor does not fall under the category specified in that sub-clause shall lie on the debtor".

(2) In clause 2, sub-clause (4) (b) for the word "Ordinance" the word "Act" shall be substituted and for the figures, letters and word "19th day" the figures, letters and word "18th day" shall be substituted.

(3) In clause 2, in the proviso to sub-clause (4), for the words, figures and letters "the first day of May, 1967" the words, figures and letters "the first day of May 1968" shall be substituted.

(4) In clause 2, sub-clause (4) (e),

(i) in the opening portion, for the words "commencement of Act", the words "commencement of this Act" shall be substituted.

(ii) in the proviso, for the words "the date of the commencement of this Act", the words "the date of such commencement" shall be substituted.

(5) In clause 2, for sub-clause (7), the following sub-clause shall be substituted, namely:—

"(7) "kudikidappukaran" shall have the same meaning as in clause (25) of section 2 of the Kerala Land Reforms Act, 1963".

(6) In clause 2, for sub-clause 11, the following sub-clause shall be substituted, namely:—

"(11) "tenant" shall have the same meaning as in clause (57 of section 2 of the Kerala Land Reforms Act, 1963".

The amenaments were put and carried.

LIBRARY ARCHIVES Kerala Legislative Assembly